പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 76

# 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 76

# 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 76

# 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ

കേരള സംസ്ഥാനത്തെ മോഡേൺ മെഡിസിൻ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, ഹോമിയോപ്പതിക് മെഡിസിൻ എന്നിവയിലെ പ്രാക്ടീഷണർമാരുടെ രജിസ്ട്രേഷനുവേണ്ടിയും യോഗ്യത നിയന്ത്രിക്കുന്നതിനുമായി നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടിയുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ മോഡേൺ മെഡിസിൻ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, ഹോമിയോപ്പതിക് മെഡിസിൻ എന്നിവയിലെ പ്രാക്ടീഷണർമാരുടെ രജിസ്ട്രേഷനുവേണ്ടിയും യോഗ്യത നിയന്ത്രിക്കുന്നതിനുമായി നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം 1

### പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റ് എന്ന് പേര് പറയാം.

2) ഇത് 2021 ഫെബ്രുവരി 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) " കൗൺസിൽ" എന്നാൽ 3-ാം വകുപ്പിൻകീഴിൽ രൂപീകരിച്ചിട്ടുള്ള മോഡേൺ

മെഡിസിനെ സംബന്ധിച്ച കാര്യങ്ങളുമായി ബന്ധപ്പെട്ട് മോഡേൺ മെഡിസിൻ കൗൺസിൽ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിനെ സംബന്ധിച്ച കാര്യങ്ങളുമായി ബന്ധപ്പെട്ട് ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിൽഹോമിയോപ്പതിക് മെഡിസിനെ സംബന്ധിച്ച കാര്യങ്ങളുമായി ബന്ധപ്പെട്ട് ഹോമിയോപ്പതിക് മെഡിസിൻ കൗൺസിൽ എന്നർത്ഥമാകുന്നതും ഈ ആക്റ്റിൻ കീഴിൽ രൂപീകരിച്ച ഓരോ കൗൺസിലുകളും ആദ്യമായി യോഗം ചേരുന്ന തീയതി മുതൽ ആദ്യത്തെ കൗൺസിൽ ആരംഭിക്കുന്നതുമാണ്;

(ബി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്ന് അർത്ഥമാകുന്നു;

(സി) "ഹോമിയോപ്പതി" എന്നാൽ ഡോ. ഹാനിമാൻ സ്ഥാപിച്ച ചികിത്സാസമ്പ്രദായം എന്നർത്ഥമാകുന്നതും "ഹോമിയോപ്പതിക്ക്" എന്ന പദപ്രയോഗം അതിനനുസരിച്ച് വ്യാഖ്യാനിക്കപ്പെടേണ്ടതുമാണ്;

(ഡി) മെഡിക്കൽ കോളേജ് ആശുപത്രികൾ ഉൾപ്പെടെയുള്ള " ആശുപത്രികൾ", "മറ്റ് അംഗീകൃത ടീച്ചിംഗ് ഹോസ്പിറ്റലുകൾ", "ഡിസ്പെൻസറികൾ" ,"ക്ലിനിക്കുകൾ", " സാനട്ടോറിയം"," നഴ്സിംഗ് ഹോമുകൾ", "പഞ്ചകർമ്മ ഹോസ്പിറ്റലുകൾ", "ആയുർവേദ കേന്ദ്രങ്ങൾ" ," യുനാനി പുനരുജ്ജീവന ചികിത്സ കേന്ദ്രങ്ങൾ" ," സിദ്ധ ചികിത്സ കേന്ദ്രങ്ങ ൾ" , "വർമ / മർമ തെറാപ്പി കേന്ദ്രങ്ങൾ" , മറ്റ് സമാനപദപ്രയോഗങ്ങൾ എന്നാൽ ബന്ധപ്പെട്ട കൗൺസിലുകൾ അംഗീകരിച്ചിട്ടുള്ള ചികിത്സാ രീതികൾ തുടരുന്ന സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു;

(ഇ) "ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ" എന്നാൽ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിൽ കാലാകാലങ്ങളിൽ അംഗീകരിക്കുന്ന ആയുർവ്വേദ ചികിത്സ, സിദ്ധ മെഡിസിൻ, യുനാനി ടിബ്ബി ചികിത്സ, യോഗയും പ്രകൃതിചികിത്സയും, കൂടാതെ അത്തരത്തിലുള്ള മറ്റ് ചികിത്സകൾ എന്നർത്ഥമാകുന്നു;

(എഫ്) "മെഡിക്കൽ സ്ഥാപനം" അല്ലെങ്കിൽ "മെഡിക്കൽ കോളേജ്" എന്നാൽ മോഡേൺ മെഡിസിനോ, ഹോമിയോപ്പതിക്ക് മെഡിസിനോ ഇൻഡിജീനസ് മെഡിസിനോ അനുസരിച്ച് മനുഷ്യന്റെ രോഗങ്ങളെ ശമിപ്പിക്കുന്ന വിദ്യയിലും ശാസ്ത്രത്തിലും പഠനമോ പരിശീലനമോ പ്രദാനം ചെയ്യുന്ന ഏതെങ്കിലും അംഗീകൃതവും അംഗീകരിക്കപ്പെട്ടതുമായ സ്ഥാപനം എന്നർത്ഥമാകുന്നു;

(ജി) " മോഡേൺ മെഡിസിൻ" എന്നാൽ ശസ്ത്രക്രിയയും പ്രസവചികിത്സയും ഉൾപ്പെടെയുള്ള ആധുനിക ശാസ്ത്രീയ വൈദ്യശാസ്ത്രം എന്നർത്ഥമാകുന്നു;

(എച്ച്) " പ്രകൃതിചികിത്സ" എന്നാൽ ടോക്സീമിയ സിദ്ധാന്തം, ശരീരത്തിന്റെ

സ്വയം രോഗശാന്തി ശേഷിയുടെ സിദ്ധാന്തം, ആരോഗ്യകരമായ ജീവിത തത്വങ്ങൾ എന്നിവ അടിസ്ഥാനമാക്കിയുള്ള പ്രകൃതിദത്ത വസ്തുക്കളുടെ ഉപയോഗം ഉൾപ്പെടെയുള്ള, മരുന്ന് ഇല്ലാത്തതും ശരീരത്തിൽ മുറിവേല്പിക്കാത്തതുമായ ചികിത്സാ സമ്പ്രദായം എന്നർത്ഥമാകുന്നു;

(ഐ) "പ്രകൃതിചികിത്സാ സ്ഥാപനം" എന്നാൽ അംഗീകൃതവും അംഗീകരിക്കപ്പെട്ടതുമായ എതെങ്കിലും,—

(i) ബാച്ചിലർ ഓഫ് നാച്ചുറോപ്പതി ആൻഡ് യോഗ സയൻസസ് കോഴ്സ് (BNYS) നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനം; അല്ലെങ്കിൽ

(ii) പത്ത് ഇൻപേഷ്യന്റ് കിടക്കകളുള്ളതും ഔട്ട് പേഷ്യൻറ് വിഭാഗം ഉള്ളതുമായ പ്രകൃതിചികിത്സാ ആശുപത്രികൾ; അല്ലെങ്കിൽ

(iii) ഔട്ട് പേഷ്യന്റ് വിഭാഗത്തോടുകൂടിയ പ്രകൃതി ചികിത്സാ ക്ലിനിക്ക്

എന്നർത്ഥമാകുന്നു;

(ജെ) "പ്രാക്ടീഷണർ" എന്നാൽ കേരള സംസ്ഥാന മെഡിക്കൽ കൗൺസിലുകളിൽ നിന്ന് സാധുതയുള്ള രജിസ്ട്രേഷനോടുകൂടി, അതത് സംഗതിപോലെ, മോഡേൺ മെഡിസിനിൽ അല്ലെങ്കിൽ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിനിൽ അല്ലെങ്കിൽ ഹോമിയോപ്പതിക് മെഡിസിനിൽ പ്രാക്ടീസ് ചെയ്യുന്ന ഏതൊരാളും എന്നർത്ഥമാകുന്നു;

(കെ) " പ്രസിഡന്റ്" എന്നാൽ ബന്ധപ്പെട്ട കൗൺസിലിന്റെ പ്രസിഡന്റ് എന്നർത്ഥമാകുന്നു;

(എൽ) " യോഗ്യതയുള്ള പ്രാക്ടീഷണർ" എന്നാൽ ഒരു അംഗീകൃത യോഗ്യത കൈവശമുള്ള ഒരു പ്രാക്ടീഷണർ എന്നർത്ഥമാകുന്നു;

(എം) "അംഗീകൃത യോഗ്യതകൾ" എന്നാൽ പട്ടികയിൽ ഇനംതിരിച്ച് പറയുന്ന യോഗ്യതകൾ എന്നർത്ഥമാകുന്നു;

(എൻ) "രജിസ്റ്റർ" എന്നാൽ ഈ ആക്റ്റിൻ കീഴിൽ സൂക്ഷിച്ചിട്ടുള്ള പ്രാക്ടീഷണർമാരുടെ ഒരു രജിസ്റ്റർ എന്നർത്ഥമാകുന്നു;

(ഒ) "രജിസ്റ്റേർഡ് പ്രാക്ടീഷണർ" എന്നാൽ അതത് സമയങ്ങളിൽ ഈ ആക്റ്റിൻ കീഴിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ പേരുചേർക്കപ്പെട്ടിട്ടുള്ള ഒരു പ്രാക്ടീഷണർ എന്നർത്ഥമാകുന്നു;

(പി) " രജിസ്ട്രാർ" എന്നാൽ 19-ാം വകുപ്പിൻകീഴിൽ നിയമിച്ച ബന്ധപ്പെട്ട കൗൺസിലിന്റെ രജിസ്ട്രാർ എന്നർത്ഥമാകുന്നു;

(ക്യൂ) "റഗുലേഷനുകൾ" എന്നാൽ ഈ ആക്റ്റിൻ കീഴിൽ അതത് കൗൺസിലുകളാൽ ഉണ്ടാക്കപ്പെട്ട റഗുലേഷനുകൾ എന്നർത്ഥമാകുന്നു;

(ആർ) "ചട്ടങ്ങൾ" എന്നാൽ ഈ ആക്റ്റിൻ കീഴിൽ സർക്കാരിനാൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾ എന്നർത്ഥമാകുന്നു;

(എസ്) "പട്ടിക" എന്നാൽ ഈ ആക്റ്റിന്റെ പട്ടിക എന്നർത്ഥമാകുന്നു;

(റ്റി) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

## അദ്ധ്യായം 2

## കൗൺസിലുകളുടെ സ്ഥാപനം

3. കൗൺസിലുകളുടെ സ്ഥാപനവും ഏകാംഗീകരണവും ഘടനയും.—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, താഴെപ്പറയുന്ന മൂന്ന് കൗൺസിലുകൾ സ്ഥാപിക്കേണ്ടതാണ്, അതായത്:—

(എ) മോഡേൺ മെഡിസിൻ കൗൺസിൽ;

(ബി) ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിൽ; കൂടാതെ

(സി) ഹോമിയോപ്പതിക്ക് മെഡിസിൻ കൗൺസിൽ;

(2) അങ്ങനെയുള്ള ഓരോ കൗൺസിലും ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും ശാശ്വത പിൻതുടർച്ചാവകാശത്തോടെയും ഒരു പൊതുമുദ്രയോടുകൂടിയുള്ളതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്:

എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വരുമ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കൗൺസിലുകൾ ഈ ആക്റ്റിൻ കീഴിൽ സ്ഥാപിക്കപ്പെട്ടതാണെന്ന് കണക്കാക്കുകയും ഈ ആക്റ്റിൻ കീഴിലുള്ള കൗൺസിലുകൾ രൂപവൽക്കരിക്കുന്നതുവരെ അപ്രകാരം തുടരുകയും ചെയ്യുന്നതാണ്.

(3) മോഡേൺ മെഡിസിൻ കൗൺസിലിൽ താഴെപ്പറയുന്ന പതിനഞ്ച് അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(എ) ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെൻറ് (എക്സ് - ഒഫിഷ്യോ);

(ബി) ഡയറക്ടർ, ഹെൽത്ത് സർവ്വീസസ് ഡിപ്പാർട്ട്മെൻറ് (എക്സ് - ഒഫിഷ്യോ);

(സി) കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലെ മോഡേൺ മെഡിസിൻ ഫാക്കൽറ്റി അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന, പതിനഞ്ച് വർഷത്തെ അധ്യാപന പരിചയമുള്ള ഒരു അംഗം;

(ഡി) കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ ഇടയിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു അംഗം;

(ഇ) കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകളിലെ പ്രിൻസിപ്പൽമാർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന, പതിനഞ്ച് വർഷത്തെ അധ്യാപന പരിചയമുള്ള ഒരു അംഗം;

(എഫ്) സംസ്ഥാനത്തെ മോഡേൺ മെഡിസിനിലെ രജിസ്റ്റേർഡ് പ്രാക്ടീഷണർമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന, രജിസ്ട്രേഷന് ശേഷം പതിനഞ്ച് വർഷത്തെ പ്രവർത്തനപരിചയമുള്ള അഞ്ച് അംഗങ്ങൾ;

(ജി) മെഡിക്കൽ പ്രാക്ടീഷണർമാരിൽ നിന്ന് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, രജിസ്ട്രേഷന് ശേഷം പതിനഞ്ച് വർഷത്തെ പരിചയമുള്ള നാല് അംഗങ്ങൾ, അവരിൽ,—

(i)ഒരാൾ പട്ടികജാതി അല്ലെങ്കിൽ പട്ടികഗോത്ര വർഗ്ഗത്തിൽപ്പെടുന്ന അംഗമായിരിക്കേണ്ടതും; കൂടാതെ

(ii) ഒരാൾ ഒരു വനിത ആയിരിക്കേണ്ടതുമാണ്.

(എച്ച്) കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലെ രജിസ്ട്രാർ (എക്സ് ഒഫിഷ്യോ).

(4) ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിലിൽ താഴെപ്പറയുന്ന പതിനഞ്ച് അംഗങ്ങൾ, അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(എ) ഡയറക്ടർ, ആയൂർവേദ മെഡിക്കൽ എഡ്യൂക്കേഷൻ (എക്സ് ഒഫിഷ്യോ);

(ബി) ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ (എക്സ് ഒഫിഷ്യോ);

(സി) കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലെ ആയൂർവേദ, സിദ്ധ, യുനാനി, യോഗയും പ്രകൃതിചികിത്സയും ഫാക്കൽറ്റി അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗം;

(ഡി) കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സംസ്ഥാനത്തെ ആയുർവേദ മെഡിക്കൽ കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ ഇടയിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു അംഗം;

(ഇ) കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുളള ആയുർവേദ /സിദ്ധ / യുനാനി സ്വകാര്യ/ എയ്ഡഡ് / സ്വാശ്രയ മെഡിക്കൽ കോളേജുകളിലെയും, യോഗയും പ്രകൃതിചികിത്സയും സ്ഥാപനങ്ങളിലെയും പ്രിൻസിപ്പൽമാർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗം;

(എഫ്) സംസ്ഥാനത്തെ ആയുർവേദ മെഡിസിനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാക്ടീഷണർമാരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗം;

(ജി) സംസ്ഥാനത്തെ സിദ്ധ മെഡിസിനിലെ രജിസ്റ്റേർഡ് പ്രാക്ടീഷണർമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗം;

(എച്ച്) സംസ്ഥാനത്തെ യുനാനി ടിബ്ബി മെഡിസിനിലെ രജിസ്റ്റേർഡ് പ്രാക്ടീഷണർമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗം;

(ഐ) സംസ്ഥാനത്തെ യോഗയിലെയും പ്രകൃതിചികിത്സയിലെയും രജിസ്റ്റേർഡ് പ്രാക്ടീഷണർമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗം;

(ജെ) ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിനിലെ രജിസ്റ്റേർഡ് പ്രാക്ടീഷണർമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അംഗങ്ങൾ, അവരിൽ,—

(i)ഒരാൾ വീതം സിദ്ധ, യുനാനി, പ്രകൃതിചികിത്സയും യോഗ സയൻസ് എന്നിവയിൽ നിന്നുള്ളവരായിരിക്കേണ്ടതും;

(ii) ഒരാൾ പട്ടികജാതി അല്ലെങ്കിൽ പട്ടികഗോത്ര വർഗ്ഗത്തിൽപ്പെടുന്ന അംഗമായിരിക്കേണ്ടതും; കൂടാതെ

(iii) ഒരാൾ ഒരു വനിത ആയിരിക്കേണ്ടതുമാണ്.

(കെ) കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലെ രജിസ്ട്രാർ (എക്സ്-ഒഫിഷ്യോ).

(5) ഹോമിയോപ്പതിക്ക് മെഡിസിൻ കൗൺസിലിൽ താഴെപ്പറയുന്ന പന്ത്രണ്ട് അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്:—

(എ) പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ, ഹോമിയോപ്പതിക്ക് മെഡിക്കൽ എഡ്യൂക്കേഷൻ (എക്സ്-ഒഫിഷ്യോ);

(ബി) ഡയറക്ടർ, ഹോമിയോപ്പതിക്ക് ഡിപ്പാർട്ട്മെൻറ് (എക്സ്-ഒഫിഷ്യോ);

(സി) കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലെ ഹോമിയോപ്പതിക്ക് മെഡിസിൻ ഫാക്കൽറ്റി അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗം;

(ഡി) കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സംസ്ഥാനത്തെ സർക്കാർ ഹോമിയോപ്പതിക്ക് മെഡിക്കൽ കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ ഇടയിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു അംഗം;

(ഇ) കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സംസ്ഥാനത്തെ സ്വകാര്യ ഹോമിയോപ്പതിക്ക് മെഡിക്കൽ കോളേജുകളിലെ പ്രിൻസിപ്പൽമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗം;

(എഫ്) സംസ്ഥാനത്തെ ഹോമിയോപ്പതിക്ക് മെഡിസിനിലെ രജിസ്റ്റേർഡ് പ്രാക്ടീഷണർമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന, മൂന്ന് അംഗങ്ങൾ;

(ജി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അംഗങ്ങൾ, അവരിൽ,—

(i)ഒരാൾ പട്ടികജാതി അല്ലെങ്കിൽ പട്ടികഗോത്ര വർഗ്ഗത്തിൽപ്പെടുന്ന അംഗമായിരിക്കേണ്ടതും; കൂടാതെ

(ii) ഒരാൾ ഒരു വനിത ആയിരിക്കേണ്ടതുമാണ്.

(എച്ച്) കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലെ രജിസ്ട്രാർ (എക്സ്-ഒഫിഷ്യോ).

4. <u>തെരഞ്ഞെടുപ്പിന്റെ അഭാവത്തിൽ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യൽ</u>.— 3-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിലെ (സി), (ഡി), (ഇ) അല്ലെങ്കിൽ (എഫ്) ഖണ്ഡത്തിലോ (4)-ാം ഉപവകുപ്പിലെ (സി), (ഡി), (ഇ), (എഫ്), (ജി), (എച്ച്) അല്ലെങ്കിൽ (ഐ) ഖണ്ഡത്തിലോ അല്ലെങ്കിൽ (5)-ാം ഉപവകുപ്പിലെ (സി), (ഡി), (ഇ) അല്ലെങ്കിൽ (എഫ്) ഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും അംഗങ്ങൾ ആറ് മാസത്തിനകം തെരഞ്ഞെടുക്കപ്പെടാതിരുന്നാൽ, സർക്കാരിന്, അതിന് യുക്തമെന്ന് കരുതാവുന്ന

അപ്രകാരം യോഗ്യതയുള്ള രജിസ്റ്റേർഡ് പ്രാക്ടീഷണർമാരെ നാമനിർദ്ദേശം ചെയ്യാവുന്നതും, അങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെടുന്ന പ്രാക്ടീഷണർമാർ, ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി, അതത് സംഗതിപോലെ, 3-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിലെ (സി), (ഡി), (ഇ) അല്ലെങ്കിൽ (എഫ്) ഖണ്ഡമോ അല്ലെങ്കിൽ (4)-ാം ഉപവകുപ്പിലെ (സി), (ഡി), (ഇ), (എഫ്), (ജി), (എച്ച്) അല്ലെങ്കിൽ (ഐ) ഖണ്ഡമോ അല്ലെങ്കിൽ (4)-ാം ഉപവകുപ്പിലെ (എ), (ബി), (സി), (ഡി) (ഇ) അല്ലെങ്കിൽ (എഫ്) ഖണ്ഡമോ (5)-ാം ഉപവകുപ്പിലെ (സി), (ഡി), (ഇ) അല്ലെങ്കിൽ (എഫ്) ഖണ്ഡമോ പ്രകാരം യഥാവിധി തെരഞ്ഞെടുക്കപ്പെട്ടതായി കരുതപ്പെടേണ്ടതുമാണ്.

5. അംഗങ്ങളുടെ യോഗ്യത.—ഒരു കൗൺസിലിന്റെ ഓരോ അംഗവും ഒരു രജിസ്റ്റേർഡ് പ്രാക്ടീഷണർ ആയിരിക്കേണ്ടതും ഒരു അംഗീകൃത യോഗ്യത കൈവശമുള്ള ആളായിരിക്കേണ്ടതുമാണ്.

6. ആദ്യത്തെ കൗൺസിലുകളിലെ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യൽ.—3-ഉം 4-ഉം വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആദ്യത്തെ കൗൺസിലുകളുടെ സംഗതിയിൽ, എക്സ്-ഒഫിഷ്യോ അംഗങ്ങൾ അല്ലാത്ത മറ്റെല്ലാ അംഗങ്ങളെയും സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്:

എന്നാൽ അങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ രജിസ്റ്റേർഡ് പ്രാക്ടീഷണർമാരും അംഗീകൃത യോഗ്യതകൾ കൈവശമുള്ളവരായിരിക്കേണ്ടതുമാണ്.

7. അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.—(1) ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതൊഴികെ, എക്സ്-ഒഫിഷ്യോ അംഗങ്ങളല്ലാത്ത അംഗങ്ങളുടെ ഔദ്യോഗിക കാലാവധി അപ്രകാരമുള്ള കൗൺസിലിന്റെ ആദ്യ യോഗം നടന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേക്കായിരിക്കുന്നതാണ്.

(2) സ്ഥാനമൊഴിയുന്ന ഒരംഗം, അതതുസംഗതിപോലെ, അയാളുടെ പിൻഗാമിയെ തെരഞ്ഞെടുക്കുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്യുന്നതുവരെ ഉദ്യോഗത്തിൽ തുടരേണ്ടതാണ്.

(3) സ്ഥാനമൊഴിയുന്ന ഒരംഗത്തിന്, മറ്റുവിധത്തിൽ യോഗ്യതയുള്ളപക്ഷം, വീണ്ടും തെരഞ്ഞെടുക്കപ്പെടുന്നതിനോ നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ അർഹതയുണ്ടായിരിക്കുന്നതാണ്.

8. പ്രസിഡന്റും വൈസ്-പ്രസിഡന്റും.—(1) ഓരോ കൗൺസിലും അതിന്റെ അംഗങ്ങളിൽ നിന്നും ഒരാളെ അതിന്റെ പ്രസിഡന്റായും മറ്റൊരംഗത്തെ വൈസ്-പ്രസിഡന്റായും തെരഞ്ഞെടുക്കേണ്ടതാണ്:

എന്നാൽ ആദ്യ കൗൺസിലുകളുടെ പ്രസിഡന്റിനെ സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(2) പ്രസിഡന്റ് രാജിവയ്ക്കുമ്പോഴോ അംഗമെന്ന നിലയിൽ അയാളുടെ ഔദ്യോഗിക കാലാവധി കഴിയുമ്പോഴോ മറ്റുതരത്തിൽ അയാൾ ഒരു അംഗമല്ലാതെയായിത്തീരുമ്പോഴോ അയാൾ അയാളുടെ ഉദ്യോഗം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതാണ്.

(3) വൈസ്-പ്രസിഡന്റ്—

(എ) രാജിവയ്ക്കുകയോ ഒരംഗമെന്ന നിലയിൽ അദ്ദേഹത്തിന്റെ കാലാവധി കഴിയുമ്പോഴോ അല്ലെങ്കിൽ മറ്റുതരത്തിൽ അംഗമല്ലാതായിത്തീരുമ്പോഴോ; അല്ലെങ്കിൽ

(ബി) പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയോ ചെയ്യുമ്പോൾ അയാൾ അയാളുടെ ഉദ്യോഗം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതാണ്.

(4) പ്രസിഡന്റിന്റെ സ്ഥാനം ഒഴിവുള്ളപ്പോൾ, ഒരു പുതിയ പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കുന്നതുവരെ വൈസ്-പ്രസിഡന്റ് പ്രസിഡന്റിന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

(5) പ്രസിഡന്റിന്റെ സ്ഥാനം ഒഴിവുള്ളപ്പോഴോ അല്ലെങ്കിൽ പ്രസിഡന്റിന് ചുമതല നിർവ്വഹിക്കാനാകാത്തപ്പഴോ വൈസ്-പ്രസിഡന്റിന്റെ സ്ഥാനം ഒഴിവുള്ളപ്പോഴോ അല്ലെങ്കിൽ വൈസ്-പ്രസിഡന്റിന് ചുമതല നിർവ്വഹിക്കാനാകാത്തപ്പഴോ, ആ ഉദ്യോഗത്തിൽ ഒരു ഒഴിവുണ്ടെങ്കിൽ, രജിസ്ട്രാർ, കൗൺസിൽ അംഗങ്ങൾക്ക് ഏഴ് പൂർണ്ണ ദിവസത്തിൽ കുറയാതെ നോട്ടീസ് കൊടുത്തശേഷം, പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പിനായി ഒരു യോഗം വിളിച്ചുകൂട്ടേണ്ടതും, ഒരു പുതിയ പ്രസിഡന്റിനേയോ വൈസ്-പ്രസിഡന്റിനേയോ തെരഞ്ഞെടുത്ത് സ്ഥാനം ഏറ്റെടുക്കുന്നതുവരെയോ അല്ലെങ്കിൽ പ്രസിഡന്റോ വൈസ്-പ്രസിഡന്റോ ചുമതല നിർവ്വഹിക്കായ്കയിൽ നിന്ന് മുക്തരാകുന്നതുവരെയോ, അതത് സംഗതിപോലെ, ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പലും കൺട്രോളിംഗ് ഓഫീസറും അതത് കൗൺസിലിന്റെ
എക്സ്-ഒഫിഷ്യോ അംഗവും പ്രസിഡന്റും ആയിരിക്കേണ്ടതാണ്.

(6) സ്ഥാനമൊഴിയുന്ന പ്രസിഡന്റിനോ വൈസ്-പ്രസിഡന്റിനോ മറ്റുവിധത്തിൽ യോഗ്യതയുള്ളപക്ഷം വീണ്ടും തെരഞ്ഞെടുക്കപ്പെടുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

വിശദീകരണം.—ഒരു പുതിയ പ്രസിഡന്റോ വൈസ്-പ്രസിഡന്റോ അയാൾ, അപ്രകാരം തെരഞ്ഞെടുക്കപ്പെട്ടു എന്ന് പ്രഖ്യാപിക്കുന്നതോടെ ഉദ്യോഗത്തിൽ പ്രവേശിച്ചതായി കരുതപ്പെടേണ്ടതാണ്.

9. ഒഴിവുകൾ.—ഒരു കൗൺസിലിലെ ഒരു അംഗത്തിന്റെ ഔദ്യോഗിക കാലാവധി കഴിയുന്നതിനുമുമ്പ്, അങ്ങനെയുള്ള അംഗത്തിന്റെ മരണമോ രാജിയോ നീക്കംചെയ്യലോ അയോഗ്യതയോ കാരണമോ മറ്റുവിധത്തിലോ, ഏതെങ്കിലും ഒഴിവുണ്ടാകുന്നപക്ഷം ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ ഒഴിവ് നികത്തേണ്ടതാണ്. ആ ഒഴിവ് നികത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടതോ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ ആയ ഏതൊരാളും, 8-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏത് അംഗത്തിന്റെ ഒഴിവിലേയ്ക്കാണോ തെരഞ്ഞെടുക്കപ്പെടുകയോ നാമനിർദ്ദേശം ചെയ്യപ്പെടുകയോ ചെയ്തത്, ആ ഒഴിവ് ഉണ്ടാകാതിരുന്നെങ്കിൽ അയാൾ ആ ഉദ്യോഗം വഹിക്കുമായിരുന്ന കാലത്തോളം മാത്രമേ ആ ഉദ്യോഗം വഹിക്കുവാൻ പാടുള്ളൂ:

എന്നാൽ അങ്ങനെയുള്ള ഒഴിവ് ഉണ്ടായിരുന്നാൽ തന്നെയും, ഈ ആക്റ്റിൻകീഴിലുള്ള കൗൺസിലിന്റെ അധികാരങ്ങൾ അത് വിനിയോഗിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

10. നിയമനങ്ങൾ ഗസറ്റിൽ വിജ്ഞാപനം ചെയ്യണമെന്ന്.—ഓരോ കൗൺസിലിന്റെയും പ്രസിഡന്റ്, വൈസ്-പ്രസിഡന്റ്, അംഗങ്ങൾ എന്നിവരുടെയും രജിസ്ട്രാറുടെയും, എല്ലാ തെരഞ്ഞെടുപ്പുകളും നാമനിർദ്ദേശങ്ങളും നിയമനങ്ങളും ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്.

11. അംഗത്വത്തിനുള്ള അയോഗ്യതകൾ.—ഒരാൾ,—

(എ) അയാൾ ഒരു അവിമുക്ത നിർദ്ധനനാണെങ്കിൽ;

(ബി) അയാൾ ബുദ്ധിസ്ഥിരതയില്ലാത്തതായിരിക്കുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ;

(സി) ജോലിയിൽ ഏതെങ്കിലും തരത്തിലുള്ള അപകീർത്തികരമായ പെരുമാറ്റത്തിന് ബന്ധപ്പെട്ട കൗൺസിലിനാൽ അയാൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ ഏതെങ്കിലും സർക്കാർ സർവ്വീസിൽ നിന്നും അയാളെ പിരിച്ചുവിടപ്പെട്ടിട്ടുണ്ടെങ്കിൽ;

(ഡി) ഈ ആക്റ്റിൻ കീഴിൽ, സൂക്ഷിക്കുന്ന ബന്ധപ്പെട്ട രജിസ്റ്ററിൽ നിന്നും അയാളുടെ പേര് നീക്കംചെയ്യപ്പെടുകയും വീണ്ടും ഉൾപ്പെടുത്താതിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ;

(ഇ) 3-ാം വകുപ്പിലെ (3)-ാം ഉപവകുപ്പിന്റെ (സി) ഖണ്ഡം, (4)-ാം ഉപവകുപ്പിന്റെ (സി) ഖണ്ഡം അല്ലെങ്കിൽ (5)-ാം ഉപവകുപ്പിന്റെ (സി) ഖണ്ഡം പ്രകാരം തെരഞ്ഞെടുക്കപ്പെട്ടെങ്കിലും കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലെ, അതാത് സംഗതിപോലെ, മോഡേൺ മെഡിസിനിൽ, ഹോമിയോപ്പതിക്ക് മെഡിസിനിൽ അല്ലെ ങ്കിൽ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിനിൽ ഒരു ഫാക്കൽറ്റി അംഗമല്ലാതെയാകുകയാണെങ്കിൽ;

(എഫ്) 3-ാം വകുപ്പിലെ (3)-ാം ഉപവകുപ്പിന്റെ (ഡി) ഖണ്ഡം, (4)-ാം ഉപവകുപ്പിന്റെ (ഡി) ഖണ്ഡം അല്ലെങ്കിൽ (5)-ാം ഉപവകുപ്പിന്റെ (ഡി) ഖണ്ഡം പ്രകാരം തെരഞ്ഞെടുക്കപ്പെട്ടെങ്കിലും, അതത് സംഗതിപോലെ, സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ്, സർക്കാർ ഹോമിയോപ്പതിക്ക് മെഡിക്കൽ കോളേജ് അല്ലെങ്കിൽ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽ അല്ലാതായിത്തീരുന്നെങ്കിൽ;

(ജി) 3-ാം വകുപ്പിലെ (3)-ാം ഉപവകുപ്പിന്റെ (ഇ) ഖണ്ഡം, (4)-ാം ഉപവകുപ്പിന്റെ (ഇ) ഖണ്ഡം അല്ലെങ്കിൽ (5)-ാം ഉപവകുപ്പിന്റെ (ഇ) ഖണ്ഡം പ്രകാരം തെരഞ്ഞെടുക്കപ്പെട്ടെങ്കിലും, അതത് സംഗതിപോലെ, സംസ്ഥാനത്തെ പ്രൈവറ്റ് മെഡിക്കൽ കോളേജ്, പ്രൈവറ്റ് ഹോമിയോപ്പതിക്ക് മെഡിക്കൽ കോളേജ് അല്ലെങ്കിൽ പ്രൈവറ്റ് ആയുർവേദ മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽ അല്ലാതായിത്തീരുന്നെങ്കിൽ,

ഒരു കൗൺസിലിൽ അംഗമാകുന്നതിനോ അംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിനോ നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ അയോഗ്യനാകുന്നതാണ്.

12. <u>അംഗത്വം അവസാനിക്കൽ.</u>—ഒരു കൗൺസിലിലെ ഒരംഗം,—

(എ) ഔദ്യോഗിക കാലാവധി അവസാനിക്കുമ്പോഴോ;

(ബി) രാജിവയ്ക്കുമ്പോഴോ;

(സി) ബന്ധപ്പെട്ട കൗൺസിലിന്റെ അഭിപ്രായത്തിൽ മതിയായ കാരണം കൂടാതെ തുടർച്ചയായ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരുന്നാലോ; അല്ലെങ്കിൽ

(ഡി) 11-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനായിരിക്കുകയാണെങ്കിലോ,

അയാളുടെ സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതാണ്.

13. <u>അംഗത്വം രാജിവയ്ക്കൽ.</u>—ഒരു കൗൺസിലിന്റെ ഏതൊരു അംഗത്തിനോ വൈസ്-പ്രസിഡന്റിനോ, പ്രസിഡന്റിന് ലിഖിതമായ നോട്ടീസ് നൽകികൊണ്ട് ഏത് സമയത്തും തന്റെ സ്ഥാനം രാജിവയ്ക്കാവുന്നതാണ്. ബന്ധപ്പെട്ട കൗൺസിലിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് പ്രസിഡന്റിന് തന്റെ സ്ഥാനം രാജിവയ്ക്കാവുന്നതുമാണ്. അങ്ങനെയുള്ള രാജി, അംഗങ്ങളുടെയും വൈസ്-പ്രസിഡന്റിന്റെയും സംഗതിയിൽ, അത് പ്രസിഡന്റിന് ലഭിച്ച തീയതി മുതലും, പ്രസിഡന്റിന്റെ സംഗതിയിൽ അത് ബന്ധപ്പെട്ട കൗൺസിൽ മുമ്പാകെ വയ്ക്കുന്ന തീയതി മുതലും, പ്രാബല്യത്തിൽ വരുന്നതാണ്.

14. നടപടികളുടെ സാധുത.—(1) കൗൺസിലിലെ ഒരംഗമായോ പ്രസിഡന്റായോ വൈസ്-പ്രസിഡന്റായോ ഒരു യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്ന അംഗമായോ പ്രവർത്തിക്കുന്ന ഏതെങ്കിലും ആളിന്റെ അയോഗ്യതയോ, തെരഞ്ഞെടുപ്പിലോ നാമനിർദ്ദേശത്തിലോ ഉള്ള ന്യൂനതയോ അയാൾ പങ്കെടുത്ത അങ്ങനെയുള്ള കൗൺസിലിന്റെ പ്രവർത്തിയേയോ നടപടിക്രമങ്ങളേയോ അസാധുവാക്കുന്നതായി കരുതപ്പെടുന്നതല്ല.

(2) ഏതെങ്കിലും ഒഴിവ് നിലനിൽക്കുന്നു എന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കൗൺസിലിന്റെ ഘടനയിൽ എന്തെങ്കിലും ന്യൂനത ഉണ്ട് എന്നോ ഉള്ള കാരണത്താൽ മാത്രം കൗൺസിൽ ചെയ്ത യാതൊരു പ്രവൃത്തിയും അസാധുവായതായി കരുതപ്പെടുന്നതല്ല.

15. കൗൺസിൽ യോഗത്തിന്റെ സ്ഥലവും സമയവും.—ഓരോ കൗൺസിലും റഗുലേഷൻ മുഖേന നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സമയത്തും സ്ഥലത്തും യോഗം ചേരേണ്ടതും കൗൺസിലിന്റെ ഓരോ യോഗവും അങ്ങനെയുള്ള ആൾ അങ്ങനെയുള്ള രീതിയിൽ വിളിച്ചുകൂട്ടേണ്ടതുമാണ്:

എന്നാൽ അങ്ങനെയുള്ള റഗുലേഷനുകൾ ഉണ്ടാക്കുന്നതുവരെ, പ്രസിഡന്റിന്, ഓരോ അംഗത്തിനും നോട്ടീസ് അയച്ചുകൊണ്ട്, അയാൾക്ക് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള സ്ഥലത്തും സമയത്തും യോഗം വിളിച്ചുകൂട്ടാവുന്നതാണ്.

16. കൗൺസിലിന്റെ യോഗങ്ങളിലെ അദ്ധ്യക്ഷതയും അതിന്റെ നടപടിക്രമവും.—(1) ഒരു കൗൺസിലിന്റെ ഓരോ യോഗത്തിലും പ്രസിഡന്റ് അദ്ധ്യക്ഷത വഹിക്കേണ്ടതും, അയാളുടെ അഭാവത്തിൽ വൈസ്-പ്രസിഡന്റും, പ്രസിഡന്റിന്റെയും വൈസ്-പ്രസിഡന്റിന്റെയും അഭാവത്തിൽ ആ സന്ദർഭത്തിനുവേണ്ടി അദ്ധ്യക്ഷത വഹിക്കുവാൻ യോഗം തെരഞ്ഞെടുത്ത ഒരു അംഗവും അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

(2) പ്രസിഡന്റ് നടപടിക്രമം പാലിക്കേണ്ടതും, യോഗത്തിലോ യോഗവുമായി ബന്ധപ്പെട്ടോ ഉള്ള എല്ലാ ക്രമപ്രശ്നങ്ങളിലും തീരുമാനമെടുക്കേണ്ടതുമാണ്. ക്രമപ്രശ്നത്തിന്മേൽ യാതൊരു ചർച്ചയും പാടില്ലാത്തതും ഏത് ക്രമപ്രശ്നത്തിന്മേലും പ്രസിഡന്റിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(3) വൈസ്-പ്രസിഡന്റിനും അല്ലെങ്കിൽ സന്ദർഭവശാൽ അദ്ധ്യക്ഷനാകുന്ന അംഗത്തിനും ആ യോഗത്തിലും അയാൾ അദ്ധ്യക്ഷത വഹിക്കുന്ന കാലയളവിലും, പ്രസിഡന്റിന്റെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

(4) ഒരു കൗൺസിലിന്റെ യോഗത്തിലെ ചോദ്യങ്ങൾക്ക് ആ യോഗത്തിൽ ഹാജരായി വോട്ട് ചെയ്യുന്ന അംഗങ്ങളുടെ ഭൂരിപക്ഷ വോട്ട് പ്രകാരം തീരുമാനമെടുക്കേണ്ടതാണ്. മൂന്നിൽ രണ്ട് അംഗങ്ങൾ ചേർന്ന് ഒരു ക്വാറമായി രൂപപ്പെടുന്നതാണ്. യോഗത്തിന് നിശ്ചയിച്ചിട്ടുള്ള സമയം മുതൽ അരമണിക്കൂറിനുള്ളിൽ ക്വാറം തികയാതിരിക്കുകയും തുടർന്ന് ഒരു സ്ഥലം, തീയതി, സമയം എന്നിവ മറ്റുവിധത്തിൽ തീരുമാനിച്ചിട്ടില്ലായെങ്കിൽ, തുടർന്നുവരുന്ന ആഴ്ചയിലെ അതേ ദിവസത്തിലേക്ക് അതേ സ്ഥലത്തും സമയത്തുമായി യോഗം മാറ്റിവയ്ക്കുന്നതും അങ്ങനെ മാറ്റിവയ്ക്കപ്പെട്ട യോഗത്തിൽ, യോഗസമയം മുതൽ അരമണിക്കൂറിനുള്ളിൽ ക്വാറം തികയാതിരുന്നാൽ ഹാജരായ അംഗങ്ങൾ ചേർന്ന് ഒരു ക്വാറം ഉണ്ടാക്കുന്നതുമാണ്.

(5) കൗൺസിലിന്റെ ഓരോ യോഗത്തിലും പ്രസിഡന്റിന്, കൗൺസിലിന്റെ അംഗമെന്ന നിലയിലുള്ള അയാളുടെ വോട്ടിന് പുറമേ, വോട്ടുകൾ തുല്യമായിരിക്കുന്ന സംഗതിയിൽ, രണ്ടാമത്തെ വോട്ട് അല്ലെങ്കിൽ കാസ്റ്റിംഗ് വോട്ട് കൂടി ഉണ്ടായിരിക്കുന്നതാണ്.

17. ഫീസും ബത്തകളും നൽകൽ.—ഓരോ കൗൺസിലിന്റെയും പ്രസിഡന്റിനും വൈസ്-പ്രസിഡന്റിനും മറ്റ് അംഗങ്ങൾക്കും കൗൺസിലിന്റെയോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും കമ്മിറ്റിയുടെയോ യോഗങ്ങളുമായി ബന്ധപ്പെട്ട് ഹാജരാകുന്നതിന് കാലാകാലങ്ങളിൽ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന, അങ്ങനെയുള്ള ഫീസുകളും ബത്തകളും അങ്ങനെയുള്ള യാത്രാബത്തകളും നൽകപ്പെടുന്നതാണ്.

18. നിർവ്വാഹക സമിതിയും മറ്റു സമിതികളും.—ഓരോ കൗൺസിലിനും, അതിന്റെ അംഗങ്ങൾക്കിടയിൽ നിന്നും ഒരു നിർവ്വാഹക സമിതിയെയും എഥിക്സ് കമ്മിറ്റിയെയും മറ്റു കമ്മിറ്റികളേയും നിയമിക്കുന്നതിനും, 19-ഉം 20-ഉം 21-ഉം വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളവയൊഴികെ, കൗൺസിലിന് ഉചിതമെന്ന് കരുതാവുന്നതും കൗൺസിലിൽ നിക്ഷിപ്തമായിട്ടുള്ളതുമായ അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും, അങ്ങനെയുള്ള കമ്മിറ്റിക്ക് ഏൽപ്പിച്ചുകൊടുക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതുമാണ്.

19. രജിസ്ട്രാർ.—(1) സർക്കാർ എല്ലാ കൗൺസിലുകൾക്കും പൊതുവായി ഒരു രജിസ്ട്രാറെ നിയമിക്കേണ്ടതും അയാൾ അത്തരം കൗൺസിലുകളുടെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതുമാണ്. അയാൾ 18-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന കമ്മിറ്റിയുടെ സെക്രട്ടറികൂടി ആയിരിക്കുന്നതാണ്. രജിസ്ട്രാർ, ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ശമ്പളവും ബത്തകളും വാങ്ങേണ്ടതാണ്. സർക്കാരിന് അയാൾക്ക് അവധി അനുവദിക്കാവുന്നതും, അയാളുടെ സ്ഥാനത്ത് പ്രവർത്തിക്കുന്നതിന് ഒരാളെ നിയമിക്കാവുന്നതുമാണ്.

(2) രജിസ്ട്രാറുടെ നിയമനം, ഈ മേഖലയിലെയോ അല്ലെങ്കിൽ മറ്റ് സമാന മേഖലയിലോ, കൗൺസിലുകളുടെ രജിസ്ട്രാർ എന്ന നിലയിൽ മറ്റേതെങ്കിലും സമാനമേഖലയിലോ, ഏതെങ്കിലും തലത്തിൽ രണ്ട് വർഷത്തെ ഭരണപരിചയമുള്ള, നിയമ വകുപ്പിലെ ഏറ്റവും മുതിർന്ന അഡീഷണൽ നിയമ സെക്രട്ടറിയിൽ നിന്നുമാണ് നടത്തേണ്ടത്.

20. <u>രജിസ്ട്രാറുടെ ചുമതലകൾ</u>.—(1) രജിസ്ട്രാർ മൂന്ന് കൗൺസിലുകളുടെയും ചീഫ് എക്സിക്യൂട്ടീവും കൗൺസിലിന്റെ ഓഫീസ് മേധാവിയും ആയിരിക്കുന്നതാണ്;

(2) ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്കും ബന്ധപ്പെട്ട കൗൺസിലിന്റെ ഏതെങ്കിലും പൊതുവായതോ പ്രത്യേകിച്ചോ ഉള്ള ഉത്തരവിനും വിധേയമായി രജിസ്റ്ററുകൾ സൂക്ഷിക്കുക എന്നത് രജിസ്ട്രാറുടെ ചുമതലയാണ്.

(3) മോഡേൺ മെഡിസിൻ, ഹോമിയോപ്പതിക് മെഡിസിൻ, ആയുർവേദിക് മെഡിസിൻ, സിദ്ധ മെഡിസിൻ, യുനാനി റ്റിബ്ബി മെഡിസിൻ, യോഗയും പ്രകൃതി ചികിത്സയും എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം രജിസ്റ്ററുകൾ ഉണ്ടായിരിക്കേണ്ടതാണ്. രജിസ്റ്ററുകൾ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലായിരിക്കേണ്ടതും അങ്ങനെയുള്ള വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്.

(4) രജിസ്ട്രാർ, ഈ ആക്റ്റിന്റേയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയും റഗുലേഷനുകളുടെയും വ്യവസ്ഥകൾക്കനുസരിച്ച് രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതും മരണപ്പെട്ടതോ 28, 29, 33, 34 എന്നീ വകുപ്പുകൾ പ്രകാരം രജിസ്റ്ററിൽ നിന്ന് നീക്കം ചെയ്യാൻ നിർദ്ദേശിച്ചിട്ടുള്ളതോ ആയ രജിസ്റ്റേർഡ് പ്രാക്ടീഷണർമാരുടെ പേരുകൾ രജിസ്റ്ററിൽ നിന്നും നീക്കംചെയ്യേണ്ടതുമാണ്.

(5) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, രജിസ്ട്രാർക്ക്, ഏതെങ്കിലും രജിസ്റ്റേർഡ് പ്രാക്ടീഷണർ പ്രാക്ടീസ് അവസാനിപ്പിച്ചോ അല്ലെങ്കിൽ അയാളുടെ താമസസ്ഥലം മാറിയോ എന്ന് അന്വേഷിക്കാവുന്നതും ആറ് മാസക്കാലാവധിക്കകം യാതൊരു മറുപടിയും ലഭിക്കാത്തപക്ഷം രജിസ്ട്രാർക്ക് പ്രസ്തുത പ്രാക്ടീഷണറുടെ പേര് രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യാവുന്നതുമാണ്:

എന്നാൽ പ്രസ്തുത പ്രാക്ടീഷണറുടെ അപേക്ഷയിന്മേൽ, ബന്ധപ്പെട്ട കൗൺസിലിന്, പ്രസ്തുത പ്രാക്ടീഷണർ പ്രാക്ടീസ് അവസാനിപ്പിച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെടുന്നപക്ഷം അയാളുടെ പേര് രജിസ്റ്ററിൽ വീണ്ടും ചേർക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

(6) രജിസ്റ്ററുകൾ, 1872-ലെ ഇന്ത്യൻ തെളിവ് നിയമത്തിലെ (കേന്ദ്ര ആക്റ്റ് 1872-ലെ 1) 74-ാം വകുപ്പ്പ്രകാരം പൊതുരേഖകളായി കരുതപ്പെടേണ്ടതാണ്.

21. നിയമനം അല്ലെങ്കിൽ റിക്രൂട്ട്മെന്റ്.—(1) മൂന്ന് കൗൺസിലുകളുടെയും ഒരു സംയുക്ത സിറ്റിംഗിൽ, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി അത് ഉചിതമെന്ന് കരുതുന്ന അങ്ങനെയുള്ള മറ്റു ഉദ്യോഗസ്ഥരെയും ജീവനക്കാരെയും ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നിയമിക്കുകയോ ജോലിയിൽ ഏർപ്പെടുത്തുകയോ ചെയ്യാവുന്നതാണ്. കൗൺസിലുകളിലെ എല്ലാ ഓഫീസ് സ്റ്റാഫുകളുടെയും നിയമന അധികാരി രജിസ്ട്രാർ ആയിരിക്കുന്നതും, കൂടാതെ അദ്ദേഹം അച്ചടക്ക അധികാരിയും ആയിരിക്കുന്നതാണ്:

എന്നാൽ അങ്ങനെയുള്ള ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും എണ്ണവും സ്ഥാനപ്പേരുകളും അവരുടെ ശമ്പളവും ബത്തകളും സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തിന് വിധേയമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ നിയമിക്കപ്പെടുന്നതും ജോലിയിൽ ഏർപ്പെടുത്തുന്നതുമായ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനരീതിയും അതുപോലെ ശമ്പളം, ബത്തകൾ, സ്ഥാനക്കയറ്റങ്ങൾ, അവധി, പെൻഷൻ, ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് പോലെയുള്ള സേവന വേതന വ്യവസ്ഥകളും സമാന വിഭാഗത്തിലുള്ള / ഗ്രേഡിലുള്ള സർക്കാർ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ബാധകമായിട്ടുള്ള ചട്ടങ്ങളാൽ അനുശാസിക്കപ്പെടുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൻ കീഴിൽ നിയമിച്ചതോ ജോലിയിൽ ഏർപ്പെടുത്തുന്നതോ ആയ എല്ലാ ഉദ്യോഗസ്ഥരും ജീവനക്കാരും രജിസ്ട്രാറുടെ നേരിട്ടുള്ള നിയന്ത്രണത്തിലും മേൽനോട്ടത്തിലും ആയിരിക്കുന്നതാണ്. അങ്ങനെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥരെയോ ജീവനക്കാരെയോ ശിക്ഷിക്കുന്നതിനോ, പിരിച്ചുവിടുന്നതിനോ പുറത്താക്കുന്നതിനോ നീക്കംചെയ്യുന്നതിനോ രജിസ്ട്രാർക്കുള്ള അധികാരങ്ങൾ, ഇതിലേയ്ക്കായി, ഉണ്ടാക്കുന്ന അങ്ങനെയുള്ള ചട്ടങ്ങളാൽ അനുശാസിക്കപ്പെടുന്നതാണ്.

(4) (1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരം നിയമിക്കപ്പെടുന്നതോ ജോലിയിൽ ഏർപ്പെടുത്തുന്നതോ ആയ എല്ലാ ഉദ്യോഗസ്ഥരും ജീവനക്കാരും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയിലെ (1860-ലെ 45-ാം ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ പബ്ലിക് സർവന്റ്സ് ആയി കരുതപ്പെടേണ്ടതാണ്.

(5) കൗൺസിലുകളും സ്റ്റാഫ് അംഗങ്ങളും ഉത്തമ വിശ്വാസത്തോടെ സ്വീകരിക്കുന്ന നടപടികൾ ഒന്നുംതന്നെ കുറ്റകരമായി കണക്കാകാൻ സാധിക്കില്ല.

22. <u>റഗുലേഷനുകൾ ഉണ്ടാക്കുന്നതും അവ ഭേദഗതി ചെയ്യുന്നതിനുമുള്ള നടപടിക്രമവും</u>.—(1) ആദ്യ കൗൺസിൽ രൂപീകരിച്ച ഉടൻതന്നെ, മോഡേൺ മെഡിസിൻ കൗൺസിൽ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിൽ, ഹോമിയോപ്പതിക് മെഡിസിൻ കൗൺസിൽ എന്നിവ ഈ ആക്റ്റിനും അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്കും അനുസൃതമായി, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, വിജ്ഞാപനം വഴി, റെഗുലേഷനുകൾ ഉണ്ടാക്കേണ്ടതാണ്.

(2) റഗുലേഷനുകൾ എല്ലാമോ, ഏതെങ്കിലുമോ, നീക്കംചെയ്യുവാനോ കൂട്ടിച്ചേർക്കുവാനോ പരിഷ്കരിക്കുവാനോ മാറ്റം വരുത്തുവാനോ ഓരോ കൗൺസിലിനും അധികാരമുണ്ടായിരിക്കുന്നതാണ്. അങ്ങനെയുള്ള നീക്കംചെയ്യലിനോ കൂട്ടിചേർക്കലിനോ പരിഷ്കരിക്കലിനോ മാറ്റംവരുത്തലിനോ വേണ്ടിയുള്ള ഒരു നിർദ്ദേശം ഇരുപത്തഞ്ചോ അതിൽ കൂടുതലോ രജിസ്റ്റേർഡ് പ്രാക്ടീഷണർമാർ ആയത് ആവശ്യപ്പെട്ടുകൊണ്ട് അങ്ങനെയുള്ള കൗൺസിലിൽ നിവേദനം നൽകാത്തപക്ഷം പരിഗണനയ്ക്ക് എടുക്കേണ്ടതില്ലാത്തതാകുന്നു. അങ്ങനെയുള്ള മാറ്റങ്ങൾ, അങ്ങനെയുള്ള കൗൺസിൽ യോഗത്തിൽ ഹാജരുള്ള അംഗങ്ങളിൽ എഴുപത്തിയഞ്ച് ശതമാനത്തിൽ കുറയാത്ത അംഗങ്ങൾ അതിനെ അനുകൂലിച്ച് വോട്ട് ചെയ്യാത്തപക്ഷം അങ്ങനെയുള്ള കൗൺസിൽ പ്രാബല്യത്തിൽ വരുത്തിയതായി കരുതാൻ പാടില്ലാത്തതാകുന്നു.

23. <u>കൗൺസിൽ വീഴ്ച വരുത്തുന്നത്</u>.—(1) ഒരു കൗൺസിൽ, ഈ ആക്റ്റിനാലോ അതിൻകീഴിലോ നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും അധികാരങ്ങൾ വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്നോ അധികരിച്ചുവെന്നോ ദുർവിനിയോഗം ചെയ്തുവെന്നോ അല്ലെങ്കിൽ ഈ ആക്റ്റിനാലോ അതിൻകീഴിലോ ചുമത്തിയിട്ടുള്ള ഏതെങ്കിലും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയെന്നോ ഏതെങ്കിലും അവസരത്തിൽ സർക്കാർ കാണുന്നപക്ഷം, അങ്ങനെയുള്ള വീഴ്ചയോ അധികരിക്കലോ അല്ലെങ്കിൽ ദുർവിനിയോഗമോ ഗുരുതരമായ സ്വഭാവത്തോടുകൂടിയുള്ളതാണെന്ന് അത് കരുതുന്നുവെങ്കിൽ, അതിന്റെ വിശദ വിവരങ്ങളെക്കുറിച്ച് അങ്ങനെയുള്ള കൗൺസിലിന് സർക്കാർ അറിയിപ്പ് നൽകേണ്ടതും അങ്ങനെയുള്ള കൗൺസിൽ അപ്രകാരമുള്ള വീഴ്ചയോ അധികരിക്കലോ, അല്ലെങ്കിൽ ദുർവിനിയോഗമോ ഇതിലേയ്ക്കായി സർക്കാർ നിശ്ചയിക്കാവുന്ന അങ്ങനെയുള്ള സമയത്തിനുള്ളിൽ പരിഹരിക്കുന്നതിന് വീഴ്ച വരുത്തുന്നപക്ഷം, സർക്കാരിന് അങ്ങനെയുള്ള കൗൺസിലിനെ പിരിച്ചുവിടാവുന്നതും അങ്ങനെയുള്ള കൗൺസിലിന്റെ എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങളും ചുമതലകളും അത് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള ആളിനെക്കൊണ്ട് അങ്ങനെയുള്ള കാലയളവിലേയ്ക്ക് വിനിയോഗിപ്പിക്കുകയോ

നിർവ്വഹിപ്പിക്കുകയോ ചെയ്യാവുന്നതും, തദനന്തരം, അങ്ങനെയുള്ള കൗൺസിലിന്റെ ഫണ്ടുകളും സ്വത്തുക്കളും ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി 3-ാം വകുപ്പിൻ കീഴിൽ ഒരു പുതിയ കൗൺസിൽ രൂപീകരിക്കുന്നതുവരെ സർക്കാരിൽ നിക്ഷിപ്തമാകുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഒരു കൗൺസിൽ പിരിച്ചുവിടുമ്പോൾ 3-ാം വകുപ്പിൻ കീഴിൽ ഒരു പുതിയ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ അത് എത്രയുംവേഗം എടുക്കേണ്ടതും, തദനന്തരം, (1)-ാം ഉപവകുപ്പിൽ പരാമർശിച്ച സ്വത്തുക്കളും ഫണ്ടുകളും അപ്രകാരം രൂപീകരിക്കപ്പെട്ട കൗൺസിലിൽ നിക്ഷിപ്തമാകുന്നതുമാണ്.

## അദ്ധ്യായം 3

## രജിസ്ട്രേഷൻ, അധികാരങ്ങൾ, ഉത്തരവാദിത്തങ്ങൾ

24 <u>രജിസ്ട്രേഷനുള്ള യോഗ്യത</u>.—(1) അംഗീകൃത സ്ഥാപനത്തിൽ നിന്ന് സിദ്ധാന്തത്തിലും മതിയായ ദിവസത്തെ പ്രായോഗിക പരിശീലനത്തിലും പങ്കെടുത്ത് മുറപ്രകാരമുള്ള ഒരു വിദ്യാഭ്യാസ രീതിയിലൂടെ നേടിയ അംഗീകൃത യോഗ്യത കൈവശമുള്ള ഓരോ ആളിനും ഈ ആക്റ്റിൻ കീഴിൽ ഒരു മെഡിക്കൽ പ്രാക്ടീഷണറായി രജിസ്റ്റർ ചെയ്യുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്;

(2) 11-ാം വകുപ്പിന്റെ (എ) മുതൽ (ഡി) വരെയുള്ള ഇനങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള ഏതെങ്കിലും അയോഗ്യതകൾക്ക് വിധേയനായിട്ടുള്ള യാതൊരാളും (1)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രേഷന് അർഹനായിരിക്കുന്നതല്ല;

(3) എല്ലാ പ്രാക്ടീഷണറും ഓരോ പത്ത് വർഷത്തിലും ചട്ടങ്ങളിൽ നിർണ്ണയിച്ചിട്ടുള്ള പ്രകാരം രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്.

25. <u>രജിസ്ട്രേഷൻ</u>.—(1) 24-ാം വകുപ്പ് പ്രകാരമുള്ള രജിസ്ട്രേഷനുവേണ്ടിയുള്ള എല്ലാ അപേക്ഷകളും രജിസ്ട്രാർക്ക് നേരിട്ട് അയക്കേണ്ടതാണ്.

(2) ഈ ആക്റ്റിൻ കീഴിലെ രജിസ്ട്രേഷനുവേണ്ടിയുള്ള ഒരു അപേക്ഷ നിർണ്ണയിക്കപ്പെട്ട ഫോറത്തിലും ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഫീസ് സഹിതവും ആയിരിക്കേണ്ടതാണ്.

(3) ഏതെങ്കിലും അധികമായുള്ള അംഗീകൃത യോഗ്യത രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് രജിസ്ട്രാർക്ക് അപേക്ഷ നൽകുന്ന ഓരോ രജിസ്റ്റേർഡ് പ്രാക്ടീഷണറും കാലാകാലങ്ങളായി കൗൺസിൽ നിർണ്ണയിക്കുന്ന ഫീസ് അടയ്ക്കേണ്ടതാണ്.

(4) ഈ വകുപ്പിൻ കീഴിലുള്ള എല്ലാ അപേക്ഷകളും അതിന്റെ റിപ്പോർട്ടിനായി നിയോഗിച്ച ബന്ധപ്പെട്ട കൗൺസിലിന്റെ കമ്മിറ്റിയുടെ മുമ്പാകെ രജിസ്ട്രാർ വയ്ക്കേണ്ടതാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരമുള്ള സമിതിയുടെ റിപ്പോർട്ട് ഉചിതമായ കൗൺസിലിന്റെ തീരുമാനത്തിനായി സമർപ്പിക്കേണ്ടതാണ്.

(6) ബന്ധപ്പെട്ട കൗൺസിൽ അപേക്ഷകന് രജിസ്ട്രേഷൻ അനുവദിക്കുന്നപക്ഷം, രജിസ്ട്രാർ, അപേക്ഷകന്റെ പേര് ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർക്കേണ്ടതും ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള വിവരങ്ങൾ അടങ്ങിയതുമായ ഒരു സർട്ടിഫിക്കറ്റ് അയാൾക്ക് നൽകേണ്ടതുമാണ്.

(7) മോഡേൺ മെഡിസിൻ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ അല്ലെങ്കിൽ ഹോമിയോപ്പതിക് മെഡിസിൻ എന്നിവയിൽ പ്രാക്ടീഷണർമാരെ രജിസ്റ്റർ ചെയ്യുന്നതിന് വേണ്ടി ഇന്ത്യയിലെ ഏതൊരു സംസ്ഥാനത്തും പ്രാബല്യത്തിലിരിക്കുന്ന നിയമപ്രകാരം, അതത് സംഗതിപോലെ, പ്രാഥമിക അല്ലെങ്കിൽ അധിക അംഗീകൃത യോഗ്യതയ്ക്കായി പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ആളുടെ രജിസ്ട്രേഷൻ ട്രാൻസ്ഫർ ചെയ്യുന്ന സംഗതിയിൽ, അത്തരം രജിസ്ട്രേഷനുവേണ്ടി നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ സമയാസമയങ്ങളിൽ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള ഫീസോടൊപ്പം അപേക്ഷിക്കേണ്ടതും രേഖകളുടെ സൂക്ഷ്മപരിശോധനയ്ക്കും ബന്ധപ്പെട്ട സംസ്ഥാന കൗൺസിലുകളിൽ നിന്നുള്ള സർട്ടിഫിക്കേഷനും വിധേയമായി, രജിസ്ട്രേഷൻ നൽകാവുന്നതുമാണ്;

(8) ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതോ അല്ലെങ്കിൽ (7)-ാം ഉപവകുപ്പ് ബാധകമാകാത്തതോ, എന്നാൽ, ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഏതെങ്കിലും പ്രാക്ടീഷണർ, സംസ്ഥാനത്ത് ഒരു നിശ്ചിത സമയത്തേയ്ക്ക് ഒരു മെഡിക്കൽ പ്രാക്ടീഷണറായി പ്രാക്ടീസ് ചെയ്യുന്നതിനുവേണ്ടി ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള ഫീസ് നൽകിയും അപേക്ഷ നൽകി ബന്ധപ്പെട്ട കൗൺസിലിൽ നിന്നും രജിസ്ട്രേഷൻ വാങ്ങേണ്ടതാണ്.

26. <u>ഈ ആക്റ്റിൻ കീഴിൽ സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതിയിലുള്ള പ്രാക്ടീഷണർമാരുടെ ലിസ്റ്റ്</u>.—(1) രജിസ്ട്രാർ, ഈ വകുപ്പ് പ്രകാരം സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതിയിൽ " പ്രാക്ടീസ് ചെയ്യുന്ന ആളുകളുടെ ലിസ്റ്റ്" എന്നുപറയുന്ന ഒരു ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

(2) 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റ് (1953-ലെ IX-ാം ആക്റ്റ്) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഓരോ ആളും ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടതായി കരുതപ്പെടേണ്ടതാണ്:

എന്നാൽ എന്തുതന്നെയായാലും, ഏതെങ്കിലും ആളിന്റെ പേര്, തൊഴിൽപരമായ അപകീർത്തി പെരുമാറ്റത്തിന് 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിൻ (1953 ലെ IX-ാം ആക്റ്റ്) കീഴിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ നിന്നോ ഭാരതത്തിലെ ഒരു സംസ്ഥാന നിയമസഭയുടെ എന്തെങ്കിലും ആക്റ്റിൻ കീഴിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ നിന്നോ അല്ലെങ്കിൽ മുമ്പ് താൻ പ്രാക്ടീസ് നടത്തിയിരുന്ന ഏതെങ്കിലും രാജ്യത്തിന്റെ രജിസ്റ്ററിൽ നിന്നോ നീക്കംചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ, അയാളുടെ പേര് ലിസ്റ്റിൽ ചേർക്കുന്നതിന് അയാൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

(3) 20-ാം വകുപ്പിന്റെ (3)-ഉം (4)-ഉം ഉപവകുപ്പുകളിലെയും 27-ാം വകുപ്പിലെയും 33-ാം വകുപ്പിലെയും വ്യവസ്ഥകൾ അനുയോജ്യമായ മാറ്റങ്ങളോടെ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ലിസ്റ്റിന് ബാധകമാകുന്നതാണ്.

27. <u>1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാക്ടീഷണർമാർ</u>.—(1) 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ രജിസ്റ്റേർഡ് പ്രാക്ടീഷണറും ആ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതായി കണക്കാക്കപ്പെടുന്ന എല്ലാ പ്രാക്ടീഷണർമാരും, ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ പ്രസ്തുത ആക്റ്റിൻ കീഴിൽ സൂക്ഷിക്കുന്ന ബന്ധപ്പെട്ട രജിസ്റ്ററിൽ പേര് ചേർത്തിട്ടുള്ളപക്ഷം ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്ത ഒരു പ്രാക്ടീഷണർ ആയി കണക്കാക്കപ്പെടുന്നതും, കൂടാതെ 19-10-2009 തീയതിയിലെ ജി.ഒ. (പി) നമ്പർ 361/2009/എച്ച് & എഫ്ഡബ്ല്യുഡി പ്രകാരം ഈ കൗൺസിലിൽ താൽക്കാലികമായി രജിസ്റ്റർ ചെയ്തിട്ടുള്ള, എല്ലാ പ്രകൃതിചികിത്സയും യോഗ സയൻസും ബിരുദം കൈവശമുള്ളവരും, ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു പ്രാക്ടീഷണറായി കരുതപ്പെടുന്നതും, അങ്ങനെയുള്ള ഓരോ പ്രാക്ടീഷണർക്കും നൽകിയിട്ടുള്ള ഓരോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഈ ആക്റ്റിൻ കീഴിൽ നൽകിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റായി കരുതപ്പെടുന്നതുമാണ്.

(2) രജിസ്ട്രാർ, ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം, എത്രയുംവേഗം, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള പ്രകാരമുള്ള അങ്ങനെയുള്ള പ്രാക്ടീഷണർമാരുടെ പേരുകൾ ഒരു അപേക്ഷയിന്മേലും യാതൊരു ഫീസും ഈടാക്കാതെയും ബന്ധപ്പെട്ട രജിസ്റ്ററുകളിൽ ചേർക്കേണ്ടതാണ്.

എന്നാൽ രജിസ്ട്രേഷൻ പുതുക്കുന്ന കാര്യത്തിൽ ഈ വകുപ്പ് ബാധകമാകുന്നതല്ല.

28. കൗൺസിലിനാൽ രജിസ്റ്ററുകളിൽ നിന്നും നീക്കംചെയ്യപ്പെടൽ.—(1) 11-ാം വകുപ്പിന്റെ (ബി) മുതൽ (ഡി) വരെയുള്ള ഖണ്ഡങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള ഏതെങ്കിലും അയോഗ്യതകൾക്ക് വിധേയനായ ഏതൊരു ആളിന്റെയും പേര്, അയാളിൽ നിന്ന് ഒരു വിശദീകരണം നേടിയ ശേഷവും കൂടാതെ അയാൾക്ക് പറയുവാനുള്ളതു പറയുവാൻ ഒരവസരം നൽകിയതിനുശേഷവും, കൗൺസിൽ രജിസ്റ്ററിൽ നിന്ന് പൂർണ്ണമായോ അല്ലെങ്കിൽ ഒരു നിർദ്ദിഷ്ട കാലയളവിലേയ്ക്കോ നീക്കംചെയ്യേണ്ടതാണ്:

എന്നാൽ മതിയായ കാരണം കാണിക്കുന്നതിന്മേൽ, ബന്ധപ്പെട്ട കൗൺസിലിന്, അപ്രകാരം നീക്കംചെയ്യപ്പെട്ട പ്രാക്ടീഷണർമാരുടെ പേര് രജിസ്റ്ററിൽ വീണ്ടും ചേർക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്:

എന്നുമാത്രമല്ല പറയുവാനുള്ളത് പറയുവാൻ ഒരവസരം അയാൾക്ക് നൽകിയതിനുശേഷം മാത്രമേ രജിസ്റ്ററിൽ നിന്ന് പൂർണ്ണമായോ അല്ലെങ്കിൽ ഒരു നിർദ്ദിഷ്ട കാലയളവിലേയ്ക്കോ നീക്കംചെയ്യാൻ പാടുള്ളൂ. എന്നിരുന്നാലും, ഏതെങ്കിലും ക്രിമിനൽ കുറ്റങ്ങൾക്ക്, അധികാരിതയുള്ള ഒരു ക്രിമിനൽ കോടതി അയാളെ / അവളെ ശിക്ഷിക്കുക, ബുദ്ധിസ്ഥിരതയില്ലായ്മ, സർക്കാർ സേവനത്തിൽ നിന്ന് പറഞ്ഞുവിടൽ അല്ലെങ്കിൽ പുറത്താക്കൽ അല്ലെങ്കിൽ ഗുരുതരസ്വഭാവമുള്ള മെഡിക്കൽ നൈതികത ലംഘിക്കൽ എന്നീ സംഗതികളിൽ ഒരു മെഡിക്കൽ പ്രാക്ടീഷണറുടെ രജിസ്ട്രേഷൻ ഉടൻതന്നെ താൽക്കാലികമായി നിർത്തിവയ്ക്കുവാൻ കൗൺസിലിന് കഴിയുന്നതാണ്. രജിസ്ട്രേഷൻ താത്ക്കാലികമായി നിർത്തിവച്ച ഉടൻതന്നെ കൗൺസിലോ അല്ലെങ്കിൽ അതിന്റെ എഥിക്സ് കമ്മിറ്റി വഴിയോ ഒരു അന്വേഷണം ആരംഭിക്കേണ്ടതും നീക്കംചെയ്യുന്നതിനുള്ള അന്തിമ തീരുമാനം അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതുമാണ്.

(2) രജിസ്റ്റർ ചെയ്യാത്ത പ്രാക്ടീഷണർക്ക് ഏതെങ്കിലും അംഗീകൃത യോഗ്യതയുള്ള പക്ഷം, ഏതെങ്കിലും തൊഴിൽപരമായി ബന്ധപ്പെട്ട് കൂടിയാലോചനയ്ക്കായി അത്തരം രജിസ്റ്റർ ചെയ്യാത്ത പ്രാക്ടീഷണറുമായി കൂട്ടുചേർന്നുവെന്ന കാരണത്താൽ യാതൊരു പ്രാക്ടീഷണർമാരുടെയും പേര് രജിസ്റ്ററിൽ നിന്ന് നീക്കംചെയ്യുവാൻ പാടുള്ളതല്ല:

എന്നാൽ ബന്ധപ്പെട്ട കൗൺസിലിനാൽ, രജിസ്റ്റേർഡ് പ്രാക്ടീഷണറുടെമേൽ പൊതുവെ ചുമത്താവുന്ന ഏതെങ്കിലും നിബന്ധനകളിൽ നിന്നോ പെരുമാറ്റചട്ടങ്ങൾ പാലിക്കുന്നതിൽ നിന്നോ ആ രജിസ്റ്റേർഡ് പ്രാക്ടീഷണറെ ഒഴിവാക്കുകയില്ല.

29. അപേക്ഷയിന്മേൽ രജിസ്റ്ററിൽ നിന്ന് നീക്കം ചെയ്യൽ.—(1) ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഏതെങ്കിലും പ്രാക്ടീഷണർക്ക്, തന്റെ പേര് പ്രാക്ടീഷണർമാരുടെ രജിസ്റ്ററിൽ നിന്നും നീക്കംചെയ്യുന്നതിനായി ബന്ധപ്പെട്ട കൗൺസിലിന് ഒരു അപേക്ഷ നൽകാവുന്നതും കൗൺസിലിന് അപ്രകാരമുള്ള അപേക്ഷയിന്മേൽ അങ്ങനെയുള്ള നീക്കംചെയ്യലിന് നിർദ്ദേശിക്കാവുന്നതുമാണ്:

എന്നാൽ രജിസ്റ്ററിൽ നിന്ന് പേര് നീക്കംചെയ്യുന്നതിനു വേണ്ടിയുള്ള അപ്രകാരമുള്ള പ്രാക്ടീഷണറുടെ യാതൊരപേക്ഷയും, അയാൾക്കെതിരെ ഏതെങ്കിലും അച്ചടക്കനടപടി നിലവിലുണ്ടായിരിക്കുകയോ അല്ലെങ്കിൽ അയാൾക്കെതിരെ അച്ചടക്കനടപടി എടുക്കാൻ സാധ്യതയുള്ള സംഗതിയിൽ, അപ്രകാരമുള്ള നടപടി ഉപേക്ഷിക്കുകയോ പൂർത്തീകരിക്കുകയോ ചെയ്യുന്നതുവരെ പരിഗണിക്കുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല തന്റെ പേര് രജിസ്റ്ററിൽ ഉണ്ടായിരിക്കുമ്പോൾ ബന്ധപ്പെട്ട കൗൺസിലിന്റെ അച്ചടക്കനടപടിയുടെ അധികാര പരിധിയിൻ കീഴിൽ വിധേയനാക്കപ്പെടുമായിരുന്ന ഒരു പ്രവൃത്തിയിൽ തുടരുന്നതിന് അപേക്ഷകനെ സാധ്യമാക്കാനെന്ന ഉദ്ദേശത്തോടെയാണ് അപേക്ഷകൻ അങ്ങനെയുള്ള ഏതെങ്കിലും അപേക്ഷ നൽകുന്നതെങ്കിൽ ആയത് നിരസിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം രജിസ്റ്ററിൽ നിന്നും പേര് നീക്കംചെയ്യപ്പെട്ട ഒരു പ്രാക്ടീഷണർക്ക്, ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് നൽകി അപേക്ഷ നൽകുന്നതിന്മേൽ, ആ സമയത്ത് ഈ ആക്റ്റിൻ കീഴിൽ രജിസ്ട്രേഷന് അർഹതയുള്ളപക്ഷം, അയാൾക്ക് വീണ്ടും രജിസ്റ്റർ ചെയ്ത് കിട്ടാവുന്നതാണ്.

30. <u>പ്രാക്ടീഷണർമാരുടെ വാർഷിക ലിസ്റ്റ്</u>.—(1) രജിസ്ട്രാർ, എല്ലാ വർഷവും ബന്ധപ്പെട്ട കൗൺസിൽ നിശ്ചയിക്കുന്ന തീയതിയിൽ, ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ പ്രാക്ടീഷണർമാരുടെയും പേരുകളും യോഗ്യതകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള, അങ്ങനെയുള്ള യോഗ്യതകൾ നേടിയ തീയതിയുൾപ്പെടെയുള്ള, പൂർണ്ണമോ അല്ലെങ്കിൽ അനുബന്ധമായിട്ടുള്ളതോ ആയ ഒരു ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(2) ഈ ആക്റ്റിന്റെ ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരം യഥാവിധി നീക്കം ചെയ്തിട്ടുള്ള പ്രാക്ടീഷണർമാരുടെ പേരുകൾ രജിസ്ട്രാർ, സമയാസമയങ്ങളിൽ, വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(3) ഏതൊരു നടപടിയിലും, (1)-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധപ്പെടുത്തിയ ഒരു ലിസ്റ്റിൽ പേര് ചേർക്കപ്പെട്ടിട്ടുള്ള ഓരോ ആളും ഒരു രജിസ്റ്റേർഡ് പ്രാക്ടീഷണറാണെന്നും അങ്ങനെ പേര് ചേർത്തിട്ടില്ലാത്ത ഏതെങ്കിലും ആൾ ഒരു രജിസ്റ്റേർഡ് പ്രാക്ടീഷണർ അല്ലാ എന്നും കരുതപ്പെടേണ്ടതാണ്:

എന്നാൽ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയതിനുശേഷം രജിസ്റ്ററിൽ പേര് ചേർക്കപ്പെടുന്ന ഒരാളിന്റെ സംഗതിയിൽ, അങ്ങനെയുള്ള ആളിന്റെ പേര് രജിസ്റ്ററിൽ ചേർത്തതിന്റെ രജിസ്ട്രാർ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് അങ്ങനെയുള്ള ആൾ ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടു എന്നതിന് തെളിവായിരിക്കുന്നതാണ്.

31. <u>അയോഗ്യതകൾ.</u>—(1) ബന്ധപ്പെട്ട കൗൺസിലിന് ബോദ്ധ്യമാകുന്നവിധം, മോഡേൺ മെഡിസിന് കീഴിൽ ശസ്ത്രക്രിയയിലോ പ്രസവചികിത്സയിലോ പ്രായോഗിക പരിശീലന കോഴ്സിന് വിധേയനാകുകയും യോഗ്യത നേടുകയും ചെയ്തിട്ടുള്ള രജിസ്റ്റേർഡ് പ്രാക്ടീഷണർ അല്ലാതെയുള്ള മറ്റൊരു രജിസ്റ്റേർഡ് പ്രാക്ടീഷണറും ശസ്ത്രക്രിയയോ പ്രസവചികിത്സയോ പ്രാക്ടീസ് ചെയ്യാൻ പാടുള്ളതല്ല.

(2) യാതൊരു രജിസ്റ്റേർഡ് പ്രാക്ടീഷണറും അയാളുടെ പേര് രജിസ്റ്ററിൽ തുടരുന്നിടത്തോളം ബന്ധപ്പെട്ട കൗൺസിലിന്റെ അനുമതി കൂടാതെ മറ്റേതെങ്കിലും തൊഴിലിൽ ഏർപ്പെടുവാൻ പാടുള്ളതല്ല.

32. <u>വിശേഷ അവകാശങ്ങൾ.</u>—(1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(i) “നിയമാനുസൃത യോഗ്യത നേടിയ മെഡിക്കൽ പ്രാക്ടീഷണർ" അല്ലെങ്കിൽ "യഥാവിധി യോഗ്യത നേടിയ മെഡിക്കൽ പ്രാക്ടീഷണർ" എന്നീ വാക്കുകളോ ഒരു ആളിനെ നിയമം വഴി ഒരു അംഗീകൃത മെഡിക്കൽ പ്രാക്ടീഷണറാണെന്നോ അല്ലെങ്കിൽ സംസ്ഥാനത്ത് തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ ഉപയോഗിക്കുമ്പോൾ ഒരു മെഡിക്കൽ പ്രൊഫഷനിലെ ഒരു അംഗമാണെന്നോ അർത്ഥമാക്കുന്ന ഏതെങ്കിലും വാക്കോ വാക്കുകൾക്കോ ഒരു യോഗ്യതയുള്ള രജിസ്റ്റേർഡ് പ്രാക്ടീഷണർ എന്ന അർത്ഥത്തിൽ വ്യഖ്യാനിക്കേണ്ടതാണ്;

(ii) നിയമാനുസൃതം ഒരു മെഡിക്കൽ പ്രാക്ടീഷണർ നൽകേണ്ടതായ യാതൊരു സർട്ടിഫിക്കറ്റും ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള രജിസ്റ്ററിന്റെ 'എ' ഭാഗത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു പ്രാക്ടീഷണർ ഒപ്പ് വയ്ക്കാത്തിടത്തോളം സാധുവാകുന്നതല്ല;

(iii) യോഗ്യതയുള്ള രജിസ്റ്റേർഡ് പ്രാക്ടീഷണർ അല്ലാത്ത ഒരാൾക്ക് അധ്യാപകനായോ, അദ്ധ്യാപനം അല്ലെങ്കിൽ മറ്റ് ഹോസ്പിറ്റൽ ഫിസിഷ്യനായോ, സർജനായോ, സ്പെഷ്യലിസ്റ്റ്, സൂപ്പർ സ്പെഷ്യലിസ്റ്റ് അല്ലെങ്കിൽ മറ്റ് മെഡിക്കൽ ഓഫീസറായോ ഏതെങ്കിലും ഡിസ്പെൻസറിയിലോ ഏതെങ്കിലും ക്ലിനിക്കിലോ സാനിറ്റോറിയത്തിലോ നഴ്സിംഗ് ഹോമിലോ മറ്റ് സമാന സ്ഥാപനങ്ങളിലോ നിയമനം ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിന്റെ (iii)-ാം ഇനത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും നിയമനത്തിന് അർഹതയില്ലാത്ത ഏതെങ്കിലും ആൾ അങ്ങനെയുള്ള ഏതെങ്കിലും ഉദ്യോഗം വഹിക്കുകയാണെങ്കിൽ കുറ്റസ്ഥാപനത്തിന്മേൽ അഞ്ച് ലക്ഷം രൂപ വരെയാകാവുന്ന പിഴയ്ക്ക് ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പിൻ കീഴിൽ കുറ്റസ്ഥാപനം നടത്തിയശേഷം അങ്ങനെയുള്ള നിയമനം തുടർന്നും വഹിക്കുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ മുമ്പ് കുറ്റം സ്ഥാപിച്ച തീയതിക്കുശേഷം അയാൾ ആ നിയമനം തുടരുന്ന കാലത്തോളം ഓരോ ദിവസത്തിനും പതിനായിരം രൂപ വരെയാകാവുന്ന പിഴയ്ക്ക് ശിക്ഷിക്കപ്പെടേണ്ടതാണ്.

33. <u>രജിസ്ട്രാറുടെ നടപടിയിന്മേൽ കൗൺസിലിനുള്ള അപ്പീൽ</u>.—(1) രജിസ്റ്ററിലെ ഏതെങ്കിലും രേഖപ്പെടുത്തലുകൾ സംബന്ധിച്ച് രജിസ്ട്രാരുടെ നടപടിയാൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും രജിസ്ട്രാറുടെ തീരുമാനം കൈപ്പറ്റിയ തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട കൗൺസിലിന് അപ്പീൽ നൽകാവുന്നതാണ്.

(2) അങ്ങനെയുള്ള അപ്പീൽ, റഗുലേഷനുകളാൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ കൗൺസിൽ കേൾക്കേണ്ടതും തീരുമാനമെടുക്കേണ്ടതുമാണ്.

(3) രജിസ്റ്ററിലെ ഏതെങ്കിലും രേഖപ്പെടുത്തൽ കൃത്രിമത്തിലൂടെയോ തെറ്റായോ ആണ് നടത്തിയതെന്ന് കൗൺസിലിന് അഭിപ്രായമുള്ളപക്ഷം, ബന്ധപ്പെട്ട കൗൺസിലിന് സ്വമേധയായോ അല്ലെങ്കിൽ ഏതെങ്കിലും ആളിന്റെ അപേക്ഷയിന്മേലോ, കൗൺസിലിന് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള അന്വേഷണങ്ങൾ നടത്തിയശേഷവും ബന്ധപ്പെട്ട ആളിന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനുശേഷവും, രജിസ്റ്ററിലെ അത്തരത്തിലുള്ള രേഖപ്പെടുത്തൽ റദ്ദ് ചെയ്യുകയോ മാറ്റം വരുത്തുകയോ ചെയ്യാവുന്നതാണ്.

(4) കൗൺസിലിനോ അതിന്റെ അംഗങ്ങൾക്കോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ സ്വമേധയായോ അല്ലെങ്കിൽ ഒരു പരാതിയിന്മേലോ, 32-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ (iii)-ാം ഇനത്തിൻ കീഴിൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങൾ സന്ദർശിച്ച് പരിശോധിക്കുകയും തുടർനടപടികൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവ പരിഗണിക്കുന്നതിനായി ബന്ധപ്പെട്ട കൗൺസിലിന് റിപ്പോർട്ട് ചെയ്യാവുന്നതുമാണ്.

34. <u>സർക്കാരിനാൽ രജിസ്റ്ററിൽ മാറ്റം വരുത്തുന്നത്</u>.—സർക്കാരിന്, ബന്ധപ്പെട്ട ആളിനും ബന്ധപ്പെട്ട കൗൺസിലിനും നോട്ടീസ് നൽകിയ ശേഷവും അയാളുടെ ആക്ഷേപങ്ങൾ, എന്തെങ്കിലുമുണ്ടെങ്കിൽ അവ അന്വേഷിച്ചതിന് ശേഷവും രജിസ്റ്ററിലെ ഏതെങ്കിലും രേഖപ്പെടുത്തൽ തെറ്റായോ കൃത്രിമത്തിലൂടെയോ ആണ് ചെയ്തതെന്നോ കൊണ്ടുവന്നതെന്നോ, സർക്കാരിന് ബോദ്ധ്യപ്പെടുന്ന പ്രകാരത്തിൽ തെളിയിക്കപ്പെടുകയാണെങ്കിൽ, ആയത് റദ്ദാക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതാണ്.

35. <u>കൗൺസിലിന്റെ തീരുമാനത്തിന്മേൽ സർക്കാരിലേയ്ക്കുള്ള അപ്പീൽ</u>.— 25, 28, 33 എന്നീ വകുപ്പുകളിൻ കീഴിലുള്ള കൗൺസിലിന്റെ എല്ലാ തീരുമാനങ്ങളിന്മേലും സർക്കാരിന് അപ്പീൽ നൽകാവുന്നതാണ്. അപ്രകാരമുള്ള അപ്പീൽ, ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിധേയമായും കൗൺസിലിന്റെ ഉത്തരവിന്റെ നോട്ടീസ് അയച്ച തീയതി മുതൽ മൂന്ന് മാസത്തിനകം നൽകേണ്ടതാണ്.

36. <u>ചട്ടങ്ങൾ</u>.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനത്തിലൂടെ ഈ ആക്റ്റിന്റെ എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ നിർവ്വഹിക്കേണ്ട ആവശ്യങ്ങൾക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മുകളിൽ പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, സർക്കാരിന്,—

(എ) ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെടേണ്ടതാണെന്ന് ഈ ആക്റ്റ് മുഖേന പ്രകടമായി ആവശ്യപ്പെട്ടിട്ടുള്ളതോ അനുവദിക്കപ്പെട്ടിട്ടുള്ളതോ ആയ എല്ലാ കാര്യങ്ങളും സംബന്ധിച്ച്;

(ബി) തെരഞ്ഞെടുപ്പ് ഹർജികളും അംഗങ്ങളായി തെരഞ്ഞെടുപ്പിന് മത്സരിക്കുന്ന സ്ഥാനാർത്ഥികൾ കെട്ടിവയ്ക്കേണ്ടതായ തുകയും അങ്ങനെയുള്ള കെട്ടിവച്ച തുകകൾ കണ്ടുകെട്ടപ്പെടാവുന്നതിന്റെ നിബന്ധനകളും ഉൾപ്പെടെ, പ്രസിഡന്റ്, വൈസ്-പ്രസിഡന്റ് അല്ലെങ്കിൽ അംഗങ്ങൾ എന്നിവരുടെ തെരഞ്ഞെടുപ്പുകളെ സംബന്ധിച്ച് :

എന്നാൽ ആവശ്യമുള്ള ഡിപ്പോസിറ്റ് പതിനായിരം രൂപയിൽ കൂടുതലാകാൻ പാടുള്ളതല്ല;

(സി) 9-ാം വകുപ്പിൻ കീഴിൽ ഒഴിവുകൾ നികത്തപ്പെടേണ്ട രീതി സംബന്ധിച്ച്;

(ഡി) 17-ാം വകുപ്പിൻ കീഴിൽ ഓരോ കൗൺസിലിന്റെയും പ്രസിഡന്റിനും വൈസ് - പ്രസിഡന്റിനും മറ്റ് അംഗങ്ങൾക്കും നൽകേണ്ടതായ ഫീസും മറ്റ് ബത്തകളും സംബന്ധിച്ച്;

(ഇ) 19-ാം വകുപ്പിൻ കീഴിൽ രജിസ്ട്രാരുടെ ശമ്പളം, ബത്തകൾ, മറ്റ് സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച്;

(എഫ്) 21-ാം വകുപ്പിൻ കീഴിൽ നിയമിക്കുകയോ ജോലിക്കെടുക്കുകയോ ചെയ്യുന്ന അത്തരത്തിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥരെ ശിക്ഷിക്കുന്നതിനും പിരിച്ചുവിടുന്നതിനും ഡിസ്ചാർജ് ചെയ്യുന്നതിനും നീക്കംചെയ്യുന്നതിനും രജിസ്ട്രാർക്കുള്ള അധികാരം സംബന്ധിച്ച്;

(ജി) 20-ാം വകുപ്പിൻ കീഴിലുള്ള രജിസ്റ്ററുകളുടെ രൂപവും അതിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങളും സംബന്ധിച്ച്;

(എച്ച്) ഈ ആക്റ്റിൻ കീഴിൽ സ്വീകരിക്കുന്ന അപേക്ഷാ ഫീസുകളും മറ്റ് തുകകളും സംബന്ധിച്ച്;

(ഐ) 25(2)-ാം വകുപ്പിൻ കീഴിലുള്ള അപേക്ഷാ ഫോമും ഫീസും സംബന്ധിച്ച്;

(ജെ) 25-ാം വകുപ്പിൻ കീഴിൽ നൽകേണ്ട സർട്ടിഫിക്കറ്റിന്റെ രൂപവും അതിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങളും സംബന്ധിച്ച്;

(കെ) 24-ാം വകുപ്പിൻ കീഴിലുള്ള രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച്;

(എൽ) 35-ാം വകുപ്പിൻ കീഴിൽ ഓരോ കൗൺസിലിന്റെയും തീരുമാനങ്ങളിന്മേൽ സർക്കാരിന് അപ്പീൽ നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമം സംബന്ധിച്ച്;

(എം) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പാക്കുന്നതിന്റെ ആവശ്യങ്ങൾക്കായി അനിവാര്യമായേക്കാവുന്ന മറ്റ് എല്ലാ സംഗതികളും സംബന്ധിച്ച്;

(എൻ) പ്രാക്ടീസ് അവസാനിപ്പിക്കുമ്പോൾ ഡോക്ടർമാർക്കുള്ള ക്ഷേമ പദ്ധതി സംബന്ധിച്ച്;

(ഒ) രജിസ്ട്രാർ, സ്റ്റാഫ് എന്നിവരുടെ ശമ്പളം സംബന്ധിച്ച്;

(പി) രജിസ്ട്രാറുടെ കീഴിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്ന രീതി സംബന്ധിച്ചും,

ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

37. റഗുലേഷനുകൾ.—(1) ഓരോ കൗൺസിലും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ഈ ആക്റ്റിനോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾക്കോ വിരുദ്ധമാകാതെ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്, അതായത്:—

(എ) 15-ാം വകുപ്പിൻ കീഴിൽ കൗൺസിൽ അതിന്റെ യോഗങ്ങൾ കൂടേണ്ട സമയവും സ്ഥലവും അങ്ങനെയുള്ള യോഗം വിളിച്ചുകൂട്ടുകയും നടത്തുകയും ചെയ്യേണ്ട രീതിയും;

(ബി) 33-ാം വകുപ്പിൻ കീഴിൽ രജിസ്ട്രാറുടെ നടപടിക്ക് എതിരെയുള്ള അപ്പീലുമായി ബന്ധപ്പെട്ട നടപടിക്രമം;

(സി) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ആവശ്യങ്ങൾക്കായി അനിവാര്യമായേക്കാവുന്ന മറ്റ് എല്ലാ സംഗതികളും;

(ഡി) 49-ാം വകുപ്പിൻ കീഴിലുള്ള ക്ഷേമ പദ്ധതി.

(2) ഈ വകുപ്പിൻ കീഴിൽ ഉണ്ടാക്കപ്പെടുന്നതും സർക്കാർ യഥാവിധി സ്ഥിരീകരിക്കുന്നതുമായ എല്ലാ റഗുലേഷനുകളും വിജ്ഞാപനം ചെയ്യേണ്ടതാണ്.

(3) സർക്കാരിന്, ഗസറ്റ് വിജ്ഞാപനത്തിലൂടെ അങ്ങനെയുള്ള ഏതൊരു റഗുലേഷനുകളും റദ്ദ് ചെയ്യാവുന്നതാണ്.

## അദ്ധ്യായം 4

## മെഡിക്കൽ പ്രാക്ടീഷണർമാർ പൊതുവായി

38. ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യാത്ത ആളുകൾ, മുതലായവർ, പ്രാക്ടീസ് ചെയ്യാൻ പാടില്ലെന്ന്.—(i) ഒരു രജിസ്റ്റേർഡ് പ്രാക്ടീഷണർ, അല്ലെങ്കിൽ (ii) 30-ാം വകുപ്പിൻ കീഴിൽ പ്രസിദ്ധപ്പെടുത്തിയ പ്രാക്ടീഷണർമാരുടെ ലിസ്റ്റിൽ പേര് ചേർക്കപ്പെട്ട ഒരു പ്രാക്ടീഷണർ, അല്ലെങ്കിൽ (iii) 26-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള ലിസ്റ്റിൽ പേരുചേർത്തിട്ടുള്ള ഒരു പ്രാക്ടീഷണർ, എന്നിവരല്ലാത്ത യാതൊരാളും നേരിട്ടോ അങ്ങനെ അനുമാനിക്കുന്ന വിധത്തിലോ മോഡേൺ മെഡിസിൻ, ഹോമിയോപ്പതിക് മെഡിസിൻ, അല്ലെങ്കിൽ ആയുർവേദിക് മെഡിസിൻ, സിദ്ധ മെഡിസിൻ, അല്ലെങ്കിൽ യുനാനി റ്റിബ്ബി മെഡിസിൻ, യോഗയും പ്രകൃതിചികിത്സയും എന്നിവ പ്രാക്ടീസ് ചെയ്യുവാനോ അല്ലെങ്കിൽ സർക്കാർ, പൊതു, സ്വകാര്യ മേഖലയിലെ ഏതെങ്കിലും മെഡിക്കൽ സ്ഥാപനങ്ങളിൽ അധ്യാപന തസ്തികകൾ ഉൾപ്പെടെ ഏതെങ്കിലും തസ്തിക വഹിക്കുവാനോ അപ്രകാരം സ്വയം തുടരുവാനോ പാടില്ലാത്തതും അങ്ങനെയുള്ള ഏതെങ്കിലും മെഡിസിൻ വിഭാഗത്തിൽ രജിസ്റ്റേർഡ് പ്രാക്ടീഷണർ അല്ലാത്ത യാതൊരാളും മറ്റേതെങ്കിലും മെഡിസിൻ വിഭാഗത്തിൽ കൂടി, അയാൾ ആ മെഡിസിനിൽ ഒരു രജിസ്റ്റേർഡ് പ്രാക്ടീഷണർ അല്ലാത്തപക്ഷം, പ്രാക്ടീസ് ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

39. ശിക്ഷ.—(1) 38-ാം വകുപ്പിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ, ആദ്യ കുറ്റത്തിന് രണ്ട് ലക്ഷം രൂപവരെയാകാവുന്ന പിഴയ്ക്കും അങ്ങനെയുള്ള ആദ്യ കുറ്റത്തിന്റെ കുറ്റസ്ഥാപനത്തിനുശേഷം തുടർന്നുള്ള ഓരോ കുറ്റത്തിനും അഞ്ച് ലക്ഷം രൂപവരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ സാധുതയുള്ള ഒരു രജിസ്ട്രേഷൻ ഇല്ലാതെ യോഗ്യതയുള്ള ഒരാൾ തന്റെ യോഗ്യതയുടെ വിഭാഗത്തിലോ മറ്റ് വിഭാഗത്തിലോ പ്രാക്ടീസ്

ചെയ്യുകയും ഒരു മനുഷ്യജീവന് മരണമോ അവശതയോ സംഭവിപ്പിക്കുകയോ ചെയ്താൽ, അഞ്ച് ലക്ഷം രൂപ പിഴയ്ക്കോ അല്ലെങ്കിൽ ഒരു വർഷം തടവിനോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) യോഗ്യതയോ സാധുതയുള്ള രജിസ്ട്രേഷനോ ഇല്ലാതെ ഒരാൾ ഏതെങ്കിലും വൈദ്യശാസ്ത്ര സമ്പ്രദായത്തിൽ പ്രാക്ടീസ് ചെയ്യുകയും അയാളുടെ പ്രാക്ടീസ് കാരണം മരണമോ സ്ഥിരമായ അവശതയോ സംഭവിക്കുകയോ ചെയ്താൽ, കുറ്റസ്ഥാപനത്തിന്മേൽ അഞ്ച് ലക്ഷം രൂപ പിഴയ്ക്കോ അല്ലെങ്കിൽ രണ്ട് വർഷത്തെ തടവിനോ അല്ലെങ്കിൽ രണ്ടും കൂടിയും, തുടർന്നുള്ള കുറ്റത്തിന് ഇരട്ടി പിഴയ്ക്കും ഇരട്ടി തടവിനും ശിക്ഷിക്കപ്പെടേണ്ടതും, കൂടാതെ 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയിലെ (1860-ലെ നമ്പർ 45) XVI-ാം അദ്ധ്യായ പ്രകാരം മനുഷ്യശരീരത്തെ ബാധിക്കുന്ന കുറ്റകൃത്യങ്ങൾ, അത്തരം നിയമവിരുദ്ധമായ പ്രവർത്തനം മനുഷ്യ ശരീരത്തെ എത്രത്തോളം കഠിനമായി ബാധിച്ചു എന്ന് ഉചിതമായി കണക്കാക്കി ബാധകമാകുന്നതാണ്.

40. <u>ബിരുദങ്ങൾ നൽകുന്നതിനുള്ള അധികാരം</u>.—കേരള സംസ്ഥാനത്ത് മോഡേൺ മെഡിസിൻ, ഹോമിയോപ്പതിക് മെഡിസിൻ, ആയുർവേദിക് മെഡിസിൻ, സിദ്ധ മെഡിസിൻ, യുനാനി റ്റിബ്ബി മെഡിസിൻ അല്ലെങ്കിൽ യോഗയും പ്രകൃതി ചികിത്സയും എന്നിവയിൽ അതത് സംഗതിപോലെ പ്രാക്ടീസ് ചെയ്യുന്നതിനായി, ഡിഗ്രി മുതലായവ കൈവശമുള്ളയാൾ, നൽകപ്പെട്ടയാൾ അല്ലെങ്കിൽ സ്വീകർത്താവ് യോഗ്യരാണെന്ന് പ്രസ്താവിച്ചുകൊണ്ടോ വിവക്ഷിച്ചുകൊണ്ടോ ഉള്ള ഡിഗ്രി, ഡിപ്ലോമ, ലൈസൻസ്, സർട്ടിഫിക്കറ്റ് അല്ലെങ്കിൽ മറ്റു രേഖകൾ നൽകുന്നതിനോ അനുവദിക്കുന്നതിനോ വിതരണം ചെയ്യുന്നതിനോ ഉള്ള അവകാശം സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ അംഗീകാരം നൽകിയ അധികാരസ്ഥാനത്തിനായിരിക്കുന്നതാണ്.

41. <u>ഡിഗ്രി മുതലായവ നൽകുന്നതിനും മറ്റുമുള്ള നിരോധനം</u>.—(1) 40-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ, യാതൊരാളും, അതത് സംഗതിപോലെ, മോഡേൺ മെഡിസിൻ, ഹോമിയോപ്പതിക് മെഡിസിൻ അല്ലെങ്കിൽ ആയുർവേദിക് മെഡിസിൻ, സിദ്ധ മെഡിസിൻ, യുനാനി റ്റിബ്ബി മെഡിസിൻ അല്ലെങ്കിൽ യോഗയും പ്രകൃതി ചികിത്സയും പ്രാക്ടീസ് ചെയ്യുന്നതിന് യോഗ്യതയുണ്ടെന്ന് പ്രസ്താവിച്ചുകൊണ്ടോ വിവക്ഷിച്ചുകൊണ്ടോ ഉള്ള ഏതെങ്കിലും ഡിഗ്രി, ഡിപ്ലോമ, ലൈസൻസ്, സർട്ടിഫിക്കറ്റ് അല്ലെങ്കിൽ മറ്റു രേഖകൾ നൽകുവാനോ, അനുവദിക്കുവാനോ, നൽകുന്നതിന് അവകാശമുള്ളതാണെന്ന് ഭാവിക്കുവാനോ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ രണ്ട് ലക്ഷം രൂപവരെയാകാവുന്ന പിഴയ്ക്കും അങ്ങനെ ലംഘിക്കുന്ന ആൾ ഒരു സ്ഥാപനമോ സംഘടനയോ ആണെങ്കിൽ, ആ ലംഘനത്തിന് അറിഞ്ഞുകൊണ്ടോ മനഃപൂർവ്വമായോ അധികാരപ്പെടുത്തുകയോ അനുവദിക്കുകയോ ചെയ്യുന്ന, അങ്ങനെയുള്ള സ്ഥാപനത്തിലെ/സംഘടനയിലെ, ഓരോ അംഗവും കുറ്റസ്ഥാപനത്തിന്മേൽ അഞ്ച് ലക്ഷം രൂപ വരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതാണ്.

42. <u>മെഡിക്കൽ യോഗ്യതകൾ വിവക്ഷിക്കുന്ന ബിരുദങ്ങൾ, മുതലായവ അനധികൃതമായി ഉപയോഗിക്കുന്നതിനുള്ള പിഴശിക്ഷ</u>.—(1) യാതൊരാളും, അയാളുടെ പക്കൽ,

(എ) യഥാർത്ഥത്തിൽ ഒരു രജിസ്റ്റേർഡ് ഡിഗ്രി, ഡിപ്ലോമ, ലൈസൻസ് അല്ലെങ്കിൽ ഈ ആക്റ്റിൻ കിഴിലുള്ള ഒരു സർട്ടിഫിക്കറ്റ്; കൂടാതെ

(ബി) അങ്ങനെയുള്ള ഡിഗ്രി, ഡിപ്ലോമ, ലൈസൻസ് അല്ലെങ്കിൽ സർട്ടിഫിക്കറ്റ്—

(i) സംസ്ഥാനത്ത് തൽസമയം നിലവിലുള്ള ഏതെങ്കിലും നിയമം അംഗീകരിച്ചതോ;

(ii) പട്ടികയിൽ പരാമർശിച്ചിട്ടുള്ള ഒരു അധികാര സ്ഥാനം നൽകിയതോ അനുവദിച്ചതോ പുറപ്പെടുവിച്ചതോ; കൂടാതെ

(iii) അതത് സംഗതിപോലെ, നാഷണൽ മെഡിക്കൽ കമ്മീഷൻ, സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി എന്നിവ അംഗീകരിച്ചതോ,

ഇല്ലാതിരിക്കുന്നപക്ഷം, മോഡേൺ മെഡിസിൻ, ഹോമിയോപ്പതിക് മെഡിസിൻ, ആയുർവേദിക് മെഡിസിൻ, സിദ്ധ മെഡിസിൻ, യുനാനി റ്റിബ്ബി മെഡിസിൻ അല്ലെങ്കിൽ യോഗയും പ്രകൃതി ചികിത്സയും അല്ലെങ്കിൽ മറ്റ് തരത്തിലുള്ള ചികിത്സകൾ പ്രാക്ടീസ് ചെയ്യുന്നതിനുള്ള യോഗ്യതയായി അയാളുടെ കൈവശം ഒരു ഡിഗ്രി, ഡിപ്ലോമ, ലൈസൻസ് അല്ലെങ്കിൽ സർട്ടിഫിക്കറ്റ് ഉണ്ടെന്ന് വിവക്ഷിക്കുന്ന ഏതെങ്കിലും ബിരുദമോ അക്ഷരങ്ങളോ ചുരുക്കപ്പേരുകളോ അയാളുടെ പേരിനൊപ്പം ചേർക്കാൻ പാടില്ലാത്തതാണ്.

(2) (1)-ാം ഉപവകുപ്പിന്റെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും ആദ്യ കുറ്റസ്ഥാപനത്തിന്റെ സംഗതിയിൽ രണ്ട് ലക്ഷം രൂപ വരെയാകാവുന്ന പിഴയ്ക്കും തുടർന്നുള്ള കുറ്റസ്ഥാപനത്തിന്റെ സംഗതിയിൽ അഞ്ച് ലക്ഷം രൂപവരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതാണ്.

43. <u>മെഡിക്കൽ ബിരുദങ്ങൾ തെറ്റായി സ്വീകരിക്കുന്നതിനോ ഉപയോഗിക്കുന്നതിനോ ഉള്ള ശിക്ഷ</u>.—40-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും അധികാരസ്ഥാനം നൽകിയതോ, അനുവദിച്ചതോ പുറപ്പെടുവിച്ചതോ അല്ലെങ്കിൽ നാഷണൽ മെഡിക്കൽ കമ്മീഷൻ, സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ, സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി അംഗീകരിച്ചതോ ആയ ഒരു ഡിഗ്രിയോ, ഡിപ്ലോമയോ ലൈസൻസോ സർട്ടിഫിക്കറ്റോ തനിക്കുണ്ടെന്ന് അല്ലെങ്കിൽ മോഡേൺ മെഡിസിൻ, ഹോമിയോപ്പതിക് മെഡിസിൻ, ആയുർവേദ മെഡിസിൻ, സിദ്ധ മെഡിസിൻ, യുനാനി റ്റിബ്ബി മെഡിസിൻ അല്ലെങ്കിൽ യോഗയും പ്രകൃതി ചികിത്സയും നടത്താൻ അയാൾക്ക് യോഗ്യതയുണ്ടെന്ന് വിവക്ഷിക്കുന്ന ഏതെങ്കിലും ബിരുദമോ, വിവരണമോ അല്ലെങ്കിൽ അയാളുടെ പേരിനൊപ്പമുള്ള കൂട്ടിച്ചേർക്കലോ മനഃപ്പൂർവ്വമായും തെറ്റായും സ്വീകരിക്കുകയോ ഉപയോഗിക്കുകയോ, ചെയ്യുന്ന ഏതൊരാളും ആദ്യകുറ്റത്തിന് രണ്ട് ലക്ഷം രൂപ വരെയാകാവുന്ന പിഴയും തുടർന്നുള്ള ഓരോ കുറ്റത്തിനും അഞ്ച് ലക്ഷം രൂപ വരെയാകാവുന്നതുമായ പിഴയും ശിക്ഷിക്കപ്പെടേണ്ടതാണ്.

44. <u>പ്രോസിക്യൂഷൻ</u>.— ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചതിന് ഏതെങ്കിലും ആളിനെ പ്രോസിക്യൂട്ട് ചെയ്യേണ്ടത് ആവശ്യമാണെന്ന് ഒരു കൗൺസിലിന് അഭിപ്രായമുണ്ടാകുമ്പോൾ, അത്തരം കൗൺസിലുകൾക്ക് പ്രമേയത്തിലൂടെ, പോലീസ് വഴി അത്തരം പ്രോസിക്യൂഷൻ ആരംഭിക്കുവാനോ അല്ലെങ്കിൽ അധികാരപരിധിയിലുള്ള കോടതികൾ വഴി നേരിട്ട് പ്രോസിക്യൂഷൻ ആരംഭിക്കുന്നതിനോ ശിപാർശ ചെയ്യാവുന്നതാണ്.

45. <u>മജിസ്ട്രേറ്റിന്റെ അധികാരിത</u>.— (1) ഈ ആക്റ്റിൻ കീഴിൽ ശിക്ഷിക്കപ്പെടേണ്ട ഏതൊരു കുറ്റവും ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയ്ക്ക് താഴെയുള്ള യാതൊരു കോടതിയിലും വിചാരണ ചെയ്യുവാൻ പാടുള്ളതല്ല.

(2) ഈ ആക്റ്റിൻ കീഴിലുള്ള ഏതൊരു കുറ്റത്തിനും ഇതിലേയ്ക്കായി കൗൺസിൽ അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥന്റെ രേഖാമൂലമുള്ള പരാതിയിന്മേലല്ലാതെ യാതൊരു കോടതിയും നടപടിയെടുക്കാൻ പാടുള്ളതല്ല.

46. <u>ഉത്തമവിശ്വാസപൂർവ്വം ചെയ്ത നടപടികൾക്ക് സംരക്ഷണം</u>.— ഈ ആക്റ്റിലേയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലേയോ റഗുലേഷനുകളിലേയോ വ്യവസ്ഥകൾ പ്രകാരം ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതൊരു നടപടികൾ സംബന്ധിച്ച് യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ ശിക്ഷാ നടപടികളോ മറ്റ് നിയമ നടപടികളോ ഒരാൾക്കെതിരെ നിലനിൽക്കുന്നതല്ല.

47. <u>റദ്ദാക്കലും ഒഴിവാക്കലും.</u>— (1) 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റ് (1953-ലെ ആക്റ്റ് IX), 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ഓർഡിനൻസ് (2021-ലെ 115-ാം നമ്പർ ഓർഡിനൻസ്) എന്നിവ ഇതിനാൽ റദ്ദാക്കിയിരിക്കുന്നു:

എന്നാൽ അത്തരം റദ്ദാക്കൽ,—

(എ) പ്രസ്തുത നിയമങ്ങളനുസരിച്ച് മുമ്പ് ചെയ്തതോ അല്ലെങ്കിൽ യഥാവിധി ചെയ്തതോ ബാധിച്ചതോ ആയ എന്തെങ്കിലും പ്രവർത്തനങ്ങൾ; അല്ലെങ്കിൽ

(ബി) പ്രസ്തുത നിയമങ്ങൾക്ക് കീഴിൽ ആർജ്ജിച്ചതോ വന്നുചേർന്നതോ സംഭവിച്ചതോ ആയ ഏതെങ്കിലും അവകാശം, വിശേഷാവകാശം, കർത്തവ്യം അല്ലെങ്കിൽ ബാധ്യത അല്ലെങ്കിൽ അതിൻ കീഴിൽ നേടിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ; അല്ലെങ്കിൽ

(സി) പ്രസ്തുത നിയമങ്ങൾക്കെതിരായി ചെയ്തിട്ടുള്ള ഏതെങ്കിലും കുറ്റത്തിന് ചുമത്തിയിട്ടുള്ള ഏതെങ്കിലും പിഴ, കണ്ടുകെട്ടൽ അല്ലെങ്കിൾ ശിക്ഷ; അല്ലെങ്കിൽ

(ഡി) മേൽപ്പറഞ്ഞ പ്രകാരമുള്ള അവകാശം, പ്രത്യേകാവകാശം, ബാധ്യത, കണ്ടുകെട്ടൽ അല്ലെങ്കിൽ ശിക്ഷ എന്നിവ സംബന്ധിച്ച ഏതെങ്കിലും അന്വേഷണം, നിയമനടപടികൾ അല്ലെങ്കിൽ പരിഹാരം എന്നിവ ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായെന്നതുപോലെ ആരംഭിക്കുകയോ തുടരുകയോ നടപ്പിലാക്കുകയോ ചെയ്യുന്നതിനും, അത്തരം പിഴ, കണ്ടുകെട്ടൽ അല്ലെങ്കിൽ ശിക്ഷ എന്നിവ ചുമത്തുന്നതിനും; അല്ലെങ്കിൽ

(ഇ) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്തിടത്തോളം റദ്ദാക്കിയിട്ടുള്ള പ്രസ്തുത നിയമങ്ങൾ പ്രകാരം ചെയ്തിട്ടുള്ള ഏതെങ്കിലും നിയമനം അല്ലെങ്കിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ, നിയമാവലികൾ അല്ലെങ്കിൽ റെഗുലേഷനുകൾ അല്ലെങ്കിൽ പുറപ്പെടുവിച്ച വിജ്ഞാപനം, നോട്ടീസ്, ഉത്തരവ്, പ്രഖ്യാപനം അല്ലെങ്കിൽ നിർദ്ദേശം,

എന്നിവയെ ബാധിക്കുന്നതല്ല.

(2) 1956-ലെ സ്റ്റേറ്റ് റീ-ഓർഗനൈസേഷൻ ആക്റ്റ് പ്രകാരം (1956-ലെ 37-ാം നമ്പർ ആക്റ്റ്) കേരള സംസ്ഥാനം രൂപീകരിക്കപ്പെടുകയും മുമ്പുണ്ടായിരുന്ന മലബാർ സംസ്ഥാനത്തിന് പുതുതായി രൂപംകൊണ്ട കേരള സംസ്ഥാനത്തിലെ ജില്ലയുടെ പദവി ലഭിക്കുകയും, പഴയ മലബാർ സംസ്ഥാനത്ത് പ്രാബല്യത്തിൽ ഉണ്ടായിരുന്ന 1914-ലെ

മദ്രാസ് മെഡിക്കൽ രജിസ്ട്രേഷൻ ആക്റ്റിന് 1956 നവംബർ 1 മുതൽ പ്രാബല്യം ഇല്ലാതായിത്തീരുകയും 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്റ്റീഷണേഴ്സ് ആക്റ്റ് (1953-ലെ ആക്റ്റ് IX) ഈ ജില്ലയിലും 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്റ്റീഷണേഴ്സ് ആക്റ്റ് എന്ന നിലയ്ക്ക് പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാകുന്നു.

48. ആക്റ്റിന്റെ അധിപ്രഭാവം.—സംസ്ഥാനത്ത് ഒരു മെഡിക്കൽ പ്രാക്റ്റീഷണറെ രജിസ്റ്റർ ചെയ്യുന്ന സംഗതികളിൽ, ഈ ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും റെഗുലേഷനുകളിലേയും വ്യവസ്ഥകൾക്ക്, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അധിപ്രഭാവമുണ്ടായിരിക്കുന്നതാണ്.

49. ഡോക്ടർമാർക്കുള്ള ക്ഷേമ പദ്ധതി.—രജിസ്റ്റേർഡ് പ്രാക്റ്റീഷണർമാരുടെ ക്ഷേമത്തിനായി നിർണ്ണയിക്കപ്പെട്ട പ്രകാരം, ഒരു പദ്ധതി രൂപീകരിക്കാവുന്നതാണ്.

## പട്ടിക

## അംഗീകൃത യോഗ്യതകൾ

എ. മോഡേൺ മെഡിസിനുള്ള യോഗ്യതകൾ: മുമ്പ് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ആക്റ്റ്, 1956 (1956-ലെ ആക്റ്റ് നമ്പർ 102) ആയിരുന്ന നാഷണൽ മെഡിക്കൽ കമ്മീഷൻ ആക്റ്റ്, 2019 (2019-ലെ നമ്പർ 30) പ്രകാരം അംഗീകരിച്ച എല്ലാ യോഗ്യതകളും കൂടാതെ പാർലമെന്റിന്റെ നിയമങ്ങൾ അനുസരിച്ച് അംഗീകരിച്ചിട്ടുള്ളതായി കണക്കാക്കപ്പെടുന്ന യോഗ്യതകളും.

ബി. ആയുർവേദം, സിദ്ധ, യുനാനി ടിബ്ബി മെഡിസിൻ, യോഗയും പ്രകൃതിചികിത്സ എന്നിവയ്ക്കുള്ള യോഗ്യതകൾ: ഇന്ത്യൻ മെഡിസിൻ സെൻട്രൽ കൗൺസിൽ ആക്റ്റ്, 1970 (1970-ലെ നമ്പർ 48) പ്രകാരം അംഗീകരിച്ച എല്ലാ യോഗ്യതകളും. യോഗയുടെയും പ്രകൃതിചികിത്സയുടെയും കാര്യത്തിൽ, അതത് സംഗതിപോലെ, കാലാകാലങ്ങളിൽ കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ അംഗീകരിച്ചിട്ടുള്ള എല്ലാ യോഗ്യതകളും.

സി. ഹോമിയോപ്പതിക് മെഡിസിനുള്ള യോഗ്യത: ഹോമിയോപ്പതിക് സെൻട്രൽ കൗൺസിൽ ആക്റ്റ്, 1973 (കേന്ദ്ര ആക്റ്റ് 1973-ലെ 59) പ്രകാരം അംഗീകരിച്ചിട്ടുള്ള എല്ലാ യോഗ്യതകളും.

## ഉദ്ദേശ്യകാര്യങ്ങളുടെ വിവരണം

1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റും മലബാർ പ്രദേശത്ത് ബാധകമായടത്തോളം ഉള്ള 1914-ലെ മദ്രാസ് മെഡിക്കൽ രജിസ്ട്രേഷൻ ആക്റ്റും ഏകീകരിച്ചുകൊണ്ട് സംസ്ഥാനമൊട്ടാകെ ബാധകമായ ഒരു നിയമം പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് നിയമ പരിഷ്കരണ കമ്മിറ്റിയും നിയമ പരിഷ്കരണ കമ്മീഷനും സർക്കാരിനോട് ശിപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത ശിപാർശ സർക്കാർ പരിശോധിക്കുകയും, 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റ്, മലബാർ പ്രദേശത്ത് ബാധകമായ 1914-ലെ മദ്രാസ് മെഡിക്കൽ രജിസ്ട്രേഷൻ ആക്റ്റ് എന്നീ നിയമങ്ങൾ ഏകീകരിച്ചുകൊണ്ട് സംസ്ഥാനത്തെ മോഡേൺ മെഡിസിൻ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, ഹോമിയോപ്പതിക് മെഡിസിൻ എന്നീ വിഭാഗങ്ങളിലെ പ്രാക്ടീഷണർമാരുടെ രജിസ്ട്രേഷനുവേണ്ടിയും അപ്രകാരമുള്ള രജിസ്ട്രേഷന് വേണ്ടതായ യോഗ്യതകൾ നിയന്ത്രിക്കുന്നതിനും വേണ്ടിയും ഒരു നിയമനിർമ്മാണം നടത്തുന്നതിന് സർക്കാർ തീരുമാനിക്കുകയും ചെയ്തു.

2. കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ഓർഡിനൻസ് (2021-ലെ 43-ാം നമ്പർ ഓർഡിനൻസ്) 2021 ഫെബ്രുവരി 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ഫെബ്രുവരി 24-ാം തീയതിയിലെ 946-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു ബിൽ 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

4. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ഓർഡിനൻസ്, 2021 ജൂലൈ 1-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021-ലെ 73-ാം നമ്പർ ഓർഡിനൻസായി 2021 ജൂലൈ 3-ാം തീയതിയിലെ 1945-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5) പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു ബിൽ 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച്

2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

6. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ഓർഡിനൻസ് (2021-ലെ 115-ാം നമ്പർ ഓർഡിനൻസ്) 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2021 ആഗസ്റ്റ് 25-ാം തീയതിയിലെ 2478-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. 2021-ലെ 115-ാം നമ്പർ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ആവർത്തകവും അനാവർത്തകവുമായ യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

മോഡേൺ മെഡിസിൻ കൗൺസിൽ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിൽ, ഹോമിയോപ്പതിക് മെഡിസിൻ കൗൺസിൽ എന്നീ കൗൺസിലുകൾ രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ ബില്ലിലെ 3-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 3-ാം ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡത്തിലെ (c), (d), (e), (f) ഇനങ്ങൾ, (4)-ാം ഉപഖണ്ഡത്തിലെ (c), (d), (e), (f), (g), (h), (i) ഇനങ്ങൾ, (5)-ാം ഉപഖണ്ഡത്തിലെ (c), (d), (e), (f) ഇനങ്ങൾ പ്രകാരം തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങൾ ആറ് മാസത്തിനകം തെരഞ്ഞെടുക്കപ്പെട്ടിട്ടില്ലായെങ്കിൽ പ്രസ്തുത അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിന് ബില്ലിലെ 4-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ആദ്യ കൗൺസിലിലെ എക്സ്-ഒഫിഷ്യോ അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിന് ബില്ലിലെ 6-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. ആദ്യ കൗൺസിലുകളുടെ പ്രസിഡന്റിനെ നാമനിർദ്ദേശം ചെയ്യുന്നതിന് ബില്ലിലെ 8-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധന സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. ഗസറ്റ് വിജ്ഞാപനം വഴി ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിൽവരുത്തുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബില്ലിലെ 36-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി സർക്കാരിന്റെ മുൻകൂർ അനുമതിയോടെ റഗുലേഷനുകൾ ഉണ്ടാക്കുന്നതിന് ബില്ലിലെ 37-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം ബന്ധപ്പെട്ട കൗൺസിലിനെ അധികാരപ്പെടുത്തുന്നു.

7. 37-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡപ്രകാരം ഉണ്ടാക്കുന്ന റഗുലേഷനുകൾ വിജ്ഞാപനം ചെയ്യുന്നതിന് 37-ാം ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൗൺസിലിനെ അധികാരപ്പെടുത്തുന്നു.

8. ബന്ധപ്പെട്ട കൗൺസിലുകളുടെ റഗുലേഷനുകൾ ആവശ്യമെങ്കിൽ വിജ്ഞാപനം വഴി റദ്ദാക്കുന്നതിനു 37-ാം ഖണ്ഡത്തിലെ (3)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

9. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റഗുലേഷനുകളോ ഉണ്ടാക്കേണ്ടത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോട് കൂടിയതുമാണ്. കൂടാതെ, ചട്ടങ്ങൾ സംബന്ധിച്ച വിഷയങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

വീണാ ജോർജ്ജ്

## ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

2-ാം ഖണ്ഡം.—ബില്ലിലെ ചില വാക്കുകളും പദപ്രയോഗങ്ങളും നിർവ്വചിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

3-ാം ഖണ്ഡം.—കൗൺസിലുകളുടെ സ്ഥാപനവും ഏകാംഗീകരണവും ഘടനയും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

4-ാം ഖണ്ഡം.—തെരഞ്ഞെടുപ്പിന്റെ അഭാവത്തിൽ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

5-ാം ഖണ്ഡം.—അംഗങ്ങളുടെ യോഗ്യത നിശ്ചയിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

6-ാം ഖണ്ഡം.—ആദ്യത്തെ കൗൺസിലുകളിലേയ്ക്ക് അംഗങ്ങളെ സർക്കാർ നാമനിർദ്ദേശം ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

7-ാം ഖണ്ഡം.—അംഗങ്ങളുടെ ഔദ്യോഗിക കാലാവധി സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

8-ാം ഖണ്ഡം.—കൗൺസിലുകളുടെ പ്രസിഡന്റിന്റെയും വൈസ്-പ്രസിഡന്റിന്റെയും തെരഞ്ഞെടുപ്പും ഒഴിവും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നത് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

9-ാം ഖണ്ഡം.—കൗൺസിലുകളിലെ അംഗങ്ങളുടെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

10-ാം ഖണ്ഡം.—എല്ലാ നിയമനങ്ങളും ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

11-ാം ഖണ്ഡം.—കൗൺസിലുകളിലെ അംഗത്വത്തിനുള്ള അയോഗ്യതകൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

12-ാം ഖണ്ഡം.—അംഗത്വം അവസാനിക്കൽ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

13-ാം ഖണ്ഡം.—അംഗത്വം രാജിവയ്ക്കൽ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

14-ാം ഖണ്ഡം.—നടപടികളുടെ സാധുത സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

15-ാം ഖണ്ഡം.—കൗൺസിൽ യോഗത്തിന്റെ സ്ഥലവും സമയവും നിശ്ചയിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

16-ാം ഖണ്ഡം.—കൗൺസിലിന്റെ യോഗങ്ങളിലെ അദ്ധ്യക്ഷതയും അതിന്റെ നടപടിക്രമവും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

17-ാം ഖണ്ഡം.—അംഗങ്ങൾക്ക് ഫീസും ബത്തകളും നൽകൽ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

18-ാം ഖണ്ഡം.—നിർവ്വാഹക സമിതിയേയും മറ്റു സമിതികളേയും നിയമിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

19-ാം ഖണ്ഡം.—രജിസ്ട്രാറെ നിയമിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

20-ാം ഖണ്ഡം.—രജിസ്ട്രാറുടെ ചുമതലകൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

21-ാം ഖണ്ഡം.—നിയമനവും നിയമനരീതിയും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

22-ാം ഖണ്ഡം.—റഗുലേഷനുകൾ ഉണ്ടാക്കുന്നതിനെപറ്റിയും അവ ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമവും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

23-ാം ഖണ്ഡം.—കൗൺസിൽ വീഴ്ചവരുത്തുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

24-ാം ഖണ്ഡം.—രജിസ്ട്രേഷനുള്ള യോഗ്യത സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

25-ാം ഖണ്ഡം.—രജിസ്ട്രേഷൻ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

26-ാം ഖണ്ഡം.—ഈ ബില്ലിൻ കീഴിൽ സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതിയിലുള്ള പ്രാക്ടീഷണർമാരുടെ ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

27-ാം ഖണ്ഡം.—1953-ലെ ട്രാവൻകൂർ കൊച്ചിൻ - മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്ത പ്രാക്ടീഷണർമാരെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

28-ാം ഖണ്ഡം.—കൗൺസിലിനാൽ രജിസ്റ്ററുകളിൽ നിന്നും നീക്കംചെയ്യപ്പെടുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

29-ാം ഖണ്ഡം.—അപേക്ഷയിന്മേൽ രജിസ്റ്ററിൽ നിന്ന് നീക്കംചെയ്യൽ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

30-ാം ഖണ്ഡം.—പ്രാക്ടീഷണർമാരുടെ വാർഷിക ലിസ്റ്റ് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

31-ാം ഖണ്ഡം.—അയോഗ്യതകൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

32-ാം ഖണ്ഡം.—വിശേഷ അവകാശങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

33-ാം ഖണ്ഡം.—രജിസ്ട്രാറുടെ നടപടിയിന്മേൽ കൗൺസിലിനുള്ള അപ്പീൽ സംബന്ധി ച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

34-ാം ഖണ്ഡം.—സർക്കാരിനാൽ രജിസ്റ്ററിൽ മാറ്റംവരുത്തുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

35-ാം ഖണ്ഡം.—കൗൺസിലിന്റെ തീരുമാനത്തിന്മേൽ സർക്കാരിലേയ്ക്ക് അപ്പീൽ നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

36-ാം ഖണ്ഡം.—ചട്ടങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

37-ാം ഖണ്ഡം.—റഗുലേഷനുകൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

38-ാം ഖണ്ഡം.—ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യാത്ത ആളുകൾ, മുതലായവർ, പ്രാക്ടീസ് ചെയ്യാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

39-ാം ഖണ്ഡം.—ശിക്ഷ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

40-ാം ഖണ്ഡം.—ബിരുദങ്ങൾ നൽകുന്നതിനുള്ള അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

41-ാം ഖണ്ഡം.—ഡിഗ്രി മുതലായവ നൽകുന്നതിനും മറ്റുമുള്ള നിരോധനം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

42-ാം ഖണ്ഡം.—മെഡിക്കൽ യോഗ്യതകൾ വിവക്ഷിക്കുന്ന ബിരുദങ്ങൾ, മുതലായവ അനധികൃതമായി ഉപയോഗിക്കുന്നതിനുള്ള ശിക്ഷ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

43-ാം ഖണ്ഡം.—മെഡിക്കൽ ബിരുദങ്ങൾ തെറ്റായി സ്വീകരിക്കുന്നതിനോ ഉപയോഗിക്കുന്നതിനോ ഉള്ള ശിക്ഷ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

44-ാം ഖണ്ഡം.—പ്രോസികൃൂഷൻ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

45-ാം ഖണ്ഡം.—മജിസ്ട്രേറ്റിന്റെ അധികാരിത സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

46-ാം ഖണ്ഡം.—ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

47-ാം ഖണ്ഡം.—റദ്ദാക്കലും ഒഴിവാക്കലും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

48-ാം ഖണ്ഡം.—ആക്റ്റിന്റെ അധിപ്രഭാവം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

49-ാം ഖണ്ഡം.—ഡോക്ടർമാർക്കുള്ള ക്ഷേമ പദ്ധതി സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.